# സാരോപദേശ കഥകൾ

1743

By

വേണാട്ട് കെ. കരുണാകരൻ

Published by the Government of
Travancore-Cochin

1952-53

വില അണ 8

1343

# സാരോപദേശകഥകൾ

By

വേണാട്ടു് കെ. കരുണാകരൻ

MUNAVVIRUL ISLAM HIGH SCHOOL, ERNAKULAM.
Date 19-7-52

Published by the Government of
Travancore—Cochin
1952—53

Printed at
The Standard Press
Trivandrum

## ഉള്ളടക്കം

1. ആറടി മണ്ണ്
2. ആമ പഠിപ്പിച്ച പാഠം
3. കെയിറോയിലെ യാചകൻ
4. ഉപ്പ്
5. യജമാനനും വേലക്കാരനും
6. സിംഹപ്രതിമ
7. നാഗമ്മ

1743
1743

# സാരോപദേശകഥകൾ

## I

## ആറടിമണ്ണ്

കൃഷിപ്പണിയിൽ നിന്നു കിട്ടുന്ന ആദായംകൊണ്ടു ഗോപാലനും കുടുംബവും വിജയപുരം ഗ്രാമത്തിൽ ഒരു വിധം സുഖമായും സംതൃപ്തിയോടുകൂടിയും ജീവിച്ചു വന്നു. സുശീലയായ ഒരു ഭാര്യയും, രണ്ടു കുട്ടികളുമാണു ഗോപാലൻെറ ഭവനത്തിലെ മററംഗങ്ങൾ. അവർക്കു താമസിക്കുവാൻ സ്വന്തമായ ഒരു ചെറുഭവനം മാത്രമേ ഉണ്ടായിരുന്നുള്ളു. സ്വന്തം കൃഷിഭൂമി ഇല്ലാതിരുന്നതിനാൽ അടുത്തുള്ള ജന്മിയോടു നാലേക്കർ കൃഷിഭൂമി ഗോപാലൻ പാട്ടത്തിനു വാങ്ങി കൃഷിചെയ്തു. അദ്ധ്വാനിക്കുന്നതിനു യാതൊരു മടിയും ഇല്ലാതെയിരുന്ന ആ ചെറുകുടുംബം അങ്ങനെ ദാരിദ്ര്യബാധ കൂടാതെ ജീവിതം നയിച്ചു.

ഇങ്ങനെ കഴിഞ്ഞുവന്ന ഗോപാലനു് ചിലപ്പോൾ ചില പ്രയാസങ്ങളും ഉണ്ടാകാതിരുന്നില്ല. അയാളുടെ പശു ചിലപ്പോൾ കയറഴിഞ്ഞു അടുത്തുള്ള ജന്മിയുടെ പറമ്പിൽ കയറി വിളവുകൾ നശിപ്പിച്ചാൽ ജന്മി അയാളിൽ നിന്നു പിഴ ഈടാക്കും. ഇതു സംഭവി

ക്കാതിരിക്കാൻ ഗോപാലൻ വളരെ സൂക്ഷിക്കുമെങ്കിലും പലപ്പോഴും പിഴ ഒടുക്കേണ്ടി വന്നിട്ടുണ്ടു്. പിഴ ഒടുക്കുമ്പോഴെല്ലാം അയാൾ വിചാരിക്കും.

"വേണ്ടത്ര സ്വന്തഭൂമി ഇല്ലാത്തതാണു ഈ വിഷമങ്ങൾക്കെല്ലാം കാരണം. വേണ്ടത്ര ഭൂമി ഉണ്ടെങ്കിൽ ആരെയും ഭയപ്പെടേണ്ടി വരുകയില്ലല്ലോ."

ആ കൊല്ലം മഴക്കാലം ആയപ്പോൾ ജന്മി തന്റെ വസ്തുക്കൾ എല്ലാം വിററിട്ടു മറെറവിടെയോ പോകുവാൻ തീരുമാനിച്ചിരിക്കുന്നു എന്നുള്ള വർത്തമാനം ഗ്രാമത്തിൽ പരന്നു. തന്റെ അയൽക്കാരനായ മറെറാരു കൃഷിക്കാരനോടു രൊക്കം പകുതി വില വാങ്ങിക്കൊണ്ടു ബാക്കിത്തുക ഒരുകൊല്ലത്തിനകം കൊടുത്തുതീക്കണമെന്ന കരാറിൽ അൻപതുഏക്കർ ഭൂമി അയാൾക്കു കൊടുക്കുവാൻ ജന്മി സമ്മതിച്ചു എന്നും ഗോപാലൻ കേട്ടു. ഇതു കേട്ടപ്പോൾ സ്വന്തമായി ഭൂമി സമ്പാദിക്കണമെന്നുള്ള അയാളുടെ ആഗ്രഹം നൂറിരട്ടി വദ്ധിച്ചു. അന്നു രാത്രി അയാൾ തന്റെ ഭാര്യയോടു് ഈ കാര്യം പറഞ്ഞു.

'മററുപലരും ഭൂമിവാങ്ങുന്നു' ഗോപാലൻ പറഞ്ഞു, 'നാല്പതു ഏക്കറെങ്കിലും നമുക്കും വാങ്ങണം. പിഴഒടുക്കും, പാട്ടം അളന്നുകൊടുക്കലും കൊണ്ടു ഞാൻ മുഷിഞ്ഞു.'

കൃഷിഭൂമി വാങ്ങുന്നതിനു ഒരുവഴി അവർ ആലോചിച്ചുറച്ചു. കൃഷിപ്പണിയിൽനിന്നു മിച്ചംവയ്ക്കുവാൻ

സാധിച്ച ആയിരം രൂപാ അവരുടെ കൈവശം ഉണ്ടായിരുന്നു. നിലം ഉഴുന്നതിനുപയോഗിച്ചുവന്ന കാളകളെയും, സംരക്ഷിച്ചുവന്ന തേനീച്ചക്കൂടുകളിൽ പകുതിയും അവർ വിററു. മൂത്തമകനെ അടുത്തകൊല്ലം മുഴുവൻ ജോലിക്കു അയയ്ക്കാമെന്നുള്ള കരാറിൽ മററൊരു കൃഷിക്കാരനോടു കുറെപ്പണം മുൻപേറായി വാങ്ങി. ബാക്കി വേണ്ടിവന്ന തുക ഒരു ബന്ധുവിനോടു കടമായിവാങ്ങി. അങ്ങനെ വാങ്ങാനുദ്ദേശിച്ച ഭൂമിയുടെ പകുതിവില അവർ ഉണ്ടാക്കി. അടുത്തദിവസംതന്നെ ഗോപാലൻ ജന്മിയെച്ചെന്നുകണ്ടു പകുതി തുക മുൻപേറായികൊടുത്തു. ബാക്കി തുക ഒരു കൊല്ലത്തിനകം കൊടുത്തുതീർക്കണമെന്നുള്ള വ്യവസ്ഥയിൽ 40 ഏക്കർ ഭൂമി ഗോപാലനു ജന്മി എഴുതികൊടുത്തു.

സ്വന്തമായി ഇത്രയും കൃഷിഭൂമി ഉണ്ടായതിൽ അയാൾ വളരെ സന്തോഷിച്ചു. വിത്തും വളവും കടമായി വാങ്ങി ഗോപാലൻ പുതിയ ഭൂമിയിൽ കൃഷി ഇറക്കി. ആദ്യത്തെ കൃഷിയിൽതന്നെ നല്ല വിളവുണ്ടായി. ഒരു കൊല്ലത്തെ കൃഷിയിൽനിന്നു കിട്ടിയ മിച്ചംകൊണ്ടു കടങ്ങളെല്ലാം കൊടുത്തുതീർക്കുവാൻ അയാൾക്കു സാധിച്ചു. ഇനി സുഖമായി കഴിഞ്ഞുകൂടാമെന്നു അയാൾക്കു തോന്നി. പക്ഷെ ക്രമേണ ചില അസുഖ സംഭവങ്ങൾ ഉണ്ടായി തുടങ്ങി. അയൽക്കാരുടെ കന്നുകാലികൾ പലപ്പോഴും തന്റെ കൃഷിഭൂമിയിൽ കയറി വിളവുകൾ നശിപ്പിച്ചു. ഒരിക്കൽ മററൊരു കൃഷിക്കാരനുമായി വഴക്കുണ്ടായതിന്റെ ഫല

മായി ഗോപാലൻ കോടതികയറേണ്ടതായും വന്നു. ചുററുപാടും അയാൾക്കു പല ശത്രുക്കളും ഉണ്ടായി.

ഒരു ദിവസം വൈകുന്നേരം മലനാട്ടിലുള്ള ഒരു കർഷകൻ തൻെറ യാത്രാമദ്ധ്യേ ആ ഗ്രാമത്തിൽ വന്നു. അന്നു രാത്രി അയാൾ ഗോപാലൻെറ അതിഥിയായി കൂടി. അത്താഴം കഴിഞ്ഞു അവർ രണ്ടുപേരും സംഭാഷണത്തിലേർപ്പെട്ടു. വനത്തിനിടയിൽ ഫലപുഷ്ടിയുള്ള ധാരാളം ഭൂമി ഉണ്ടെന്നും, തൻെറ ഗ്രാമത്തിൽ നിന്നും പലരും വനത്തിൽപോയി സ്ഥലം വാങ്ങി കൃഷികൊണ്ടു ധാരാളം ഭൂമി ഉണ്ടാക്കിവരുന്നുണ്ടെന്നും സംഭാഷണമദ്ധ്യേ ഗോപാലനു മനസ്സിലാക്കുവാൻ കഴിഞ്ഞു. ഭൂമിക്കുവേണ്ടിയുള്ള ഗോപാലൻെറ ആർത്തി വർദ്ധിച്ചു. അയാൾ വിചാരിച്ചു.

"പലരും മററു സ്ഥലങ്ങളിൽ സുഖമായി ജീവിക്കുമ്പോൾ, ഞാൻ എന്തിനു ഈ ഇടുങ്ങിയ മാളത്തിൽ കിടന്നു നരകിക്കുന്നു? ഇവിടെയുള്ളതെല്ലാം വിററു പണമാക്കി മലംപ്രദേശത്തുപോയി ഞാൻ കൂടുതൽ ഭൂമി വാങ്ങി കുറേക്കൂടി സുഖമായി ജീവിക്കും."

വേനൽക്കാലം ആരംഭിച്ച ഉടൻതന്നെ അയാൾ വനത്തിൽപോയി അന്വേഷണം നടത്തി കൃഷിക്കു പററിയ സ്ഥലം കണ്ടുപിടിച്ചു. തനിക്കുള്ളതെല്ലാം ആദായവിലയ്ക്കു വിററുകിട്ടിയ പണംകൊണ്ടു നൂററിഇരുപതേക്കർ സ്ഥലം വാങ്ങി. മുൻപുണ്ടായിരുന്നതിൻെറ മൂന്നിരട്ടിഭൂമി ലഭിച്ചതിൽ ഗോപാലൻ വളരെ

സംതൃപ്തനായി. നിലവും, കരക്കൃഷിക്കുള്ള സ്ഥലവും, മേച്ചിൽസ്ഥലവും സ്വന്തമായി ലഭിച്ചതിനുപുറമെ, കൂടുതൽ ഭൂമി മററുള്ളവരോട പാട്ടത്തിനെടുത്തും ഗോപാലൻ കൃഷിചെയ്തു. മൂന്നുകൊല്ലത്തെ കൃഷികൊണ്ടു അയാൾ ധാരാളം പണം സമ്പാദിച്ചു. എന്നിട്ടും ഭൂമിക്കുവേണ്ടിയുള്ള അയാളുടെ ആൎത്തി പിന്നെയും വൎദ്ധിച്ചുകൊണ്ടിരുന്നു. കടംകൊണ്ടു കഷ്ടതയിലായ മററു കൃഷിക്കാരുടെ ഭൂമി ലാഭവിലയ്ക്കു വാങ്ങണമെന്നുള്ള വിചാരം അയാൾക്കുണ്ടായി.

അങ്ങനെ ഇരിക്കുമ്പോൾ ആയിരത്തിമുന്നൂറേക്കർ ഭൂമി ആദായവിലയ്ക്കു വാങ്ങിയ ഒരു കർഷകനെ ഗോപാലൻ കണ്ടുമുട്ടി. അയാളോട ഗോപാലൻ അനവധി ചോദ്യങ്ങൾ ചോദിച്ചു. അയാൾ പറഞ്ഞു: 'മലവൎഗ്ഗക്കാരുടെ പ്രധാനിയെ നിങ്ങൾ കാണേണ്ട ആവശ്യമേയുള്ളു. ഞാൻ അയാൾക്കു ആദ്യം നൂറുരൂപായ്ക്കു പട്ടുതുണികളും, കുറെ കൌതുകസാധനങ്ങളും സംഭാവനയായി കൊടുത്തു. ഏക്കറിനു എട്ടുറുപ്പികവിലയ്ക്കു എനിക്കു ഭൂമി ലഭിച്ചു.' വസ്തുവിൻെറ വിലയാധാരം അയാൾ ഗോപാലനെ കാണിച്ചിട്ടു പറഞ്ഞു. 'ആ നദിക്കു കിഴക്കേ കരയിലാണു സ്ഥലം. ഇതുവരെ കൃഷിയിറക്കിയിട്ടില്ലാത്ത ഫലപുഷ്ടിയുള്ള ഭൂമിയാണതു്'.

ആ സ്ഥലത്തേയ്ക്കു പോകാനുള്ള വഴി അയാളോട ചോദിച്ചു ഗോപാലൻ മനസ്സിലാക്കി. അന്നു രാത്രി ഗോപാലനു ഉറക്കം വന്നില്ല. ഭൂമിക്കുവേണ്ടിയുള്ള

അയാളുടെ ആർത്തി അത്യാർത്തിയായി മാറി. വീട്ടുകാര്യങ്ങളെല്ലാം ഭാര്യയെ ഏല്പിച്ചിട്ട് അടുത്തദിവസം രാവിലെ തന്നെ ഒരു വേലക്കാരനുമായി ഗിരിവർഗ്ഗക്കാരുടെ സങ്കേതത്തിലേക്ക് യാത്ര തിരിച്ചു. വഴിമദ്ധ്യേ ഒരു ചെറിയ ടൗണിൽനിന്നും അയാൾ കുറെ പട്ടുതുണികളും കൗതുകസാധനങ്ങളും വാങ്ങി. ഏഴാംദിവസം അവർ സങ്കേതത്തിലെത്തി.

ഗിരിവർഗ്ഗക്കാർ ഗോപാലനെ വളരെ സന്തോഷത്തോടെ സ്വീകരിച്ചു. മുളഅരികൊണ്ടുള്ള പലഹാരങ്ങളും തേനും നൽകി അവർ അയാളെ സല്ക്കരിച്ചു. പട്ടുതുണികളും കൗതുകസാധനങ്ങളും ഗോപാലൻ അവർക്ക് സംഭാവനചെയ്തു. അവർ വളരെ സന്തുഷ്ടരായി. ഒരു ദ്വിഭാഷിയുടെ സഹായത്തോടുകൂടിയാണ് ഗിരിവർഗ്ഗക്കാരും ഗോപാലനുമായുള്ള സംഭാഷണം നടന്നത്. ദ്വിഭാഷി പറഞ്ഞു: 'നിങ്ങളുടെ സംഭാവന അവരെ വളരെ സന്തുഷ്ടരാക്കിയിരിക്കുന്നു എന്നു അറിയിക്കാൻ അവർ ആഗ്രഹിക്കുന്നു. ഇനി അവരുടെ കൈവശമുള്ള എന്താണ് നിങ്ങൾക്കാവശ്യമെന്നു പറയുക. അതു സസന്തോഷം അവർ നിങ്ങൾക്കു തരുന്നതാണ്.'

'എനിക്കു ഏററവും കാമ്യമായി തോന്നുന്നതു് ഫലപുഷ്ടിയുള്ള നിങ്ങളുടെ ഭൂമിയാണ്' ഗോപാലൻ മറുപടി പറഞ്ഞു, 'ഇത്ര നല്ലഭൂമി ഞാൻ മുൻപു കണ്ടിട്ടില്ല'.

നിറപ്പകിട്ടുള്ള തൂവലുകൾ തിരുകി മോടിപിടിപ്പിച്ച ഒരു തൊപ്പിയും, പളുങ്കുമാലകളും അണിഞ്ഞു

ദീർഘകായനായ ഗിരിവർഗ്ഗപ്രധാനി ചിരിച്ചുകൊണ്ടു മറുപടി പറഞ്ഞു: 'നിങ്ങൾക്കിഷ്ടമുള്ളതു ഏതെന്നു ചൂണ്ടിക്കാണിച്ചാൽ മതി, അതു നിങ്ങൾക്കു തരുന്നതാണ്.'

'എനിക്കു ഭൂമിയാണു വേണ്ടതു്. അതു രേഖാമൂലം തരുകയും വേണം', ഗോപാലൻ മറുപടി പറഞ്ഞു. 'അങ്ങനെതന്നെ', പ്രധാനിപറഞ്ഞു. 'ഞങ്ങൾക്കു ഒരു ആധാരം എഴുത്തുകാരനുണ്ടു്. നാളെത്തന്നെ ടൗണിൽ പോയി ആധാരം രജിസ്റ്റർചെയ്യാം.'

'വില എന്തായിരിക്കും?' ഗോപാലൻ ചോദിച്ചു. 'ഒരു ദിവസം കൊണ്ടു നിങ്ങൾ ചുററിനടന്നു അടയാളപ്പെടുത്തുന്ന ഭൂമിക്കു പതിനായിരം രൂപാ' പ്രധാനി മറുപടി നൽകി.

ഇതുകേട്ടു ഗോപാലൻ അത്ഭുതത്തോടെ പറഞ്ഞു. 'ഒരു ദിവസംകൊണ്ടു ഒരു ജില്ല മുഴവൻ അടയാളപ്പെടുത്താമല്ലോ!'

ഇതുകേട്ടു ഗിരിവർഗ്ഗപ്രധാനി പൊട്ടിച്ചിരിച്ചു. അയാൾ പറഞ്ഞു, 'അതെല്ലാം നിങ്ങൾക്കു തരുന്നതാണ്. എന്നാൽ ഒരു വ്യവസ്ഥയുണ്ടു്. നിങ്ങൾ രാവിലെ തിരിക്കുന്ന സ്ഥാനത്തു് സൂര്യാസ്തമനത്തിനു മുൻപു മടങ്ങി എത്തിയില്ലെങ്കിൽ നിങ്ങളുടെ പണം നഷ്ടപ്പെടുന്നതാണ്. സൂര്യാസ്തമനത്തിനു മുൻപ് അടയാളപ്പെടുത്തുന്ന ഭൂമി മുഴവൻ നിങ്ങളുടേതായി തീരുന്നതാണ്.'

ഇതുകേട്ടു ഗോപാലൻ ആഹ്ളാദിച്ചു. അടുത്തദിവസം രാവിലെ തന്നെ മൺവെട്ടിയുമായി നടന്നു സ്ഥലം അടയാളപ്പെടുത്തുവാൻ തീരുമാനിച്ചു. സുഖമായി ഉറങ്ങുവാനുള്ള സൗകര്യങ്ങൾ ഏർപ്പാടു ചെയ്തു കൊടുത്തിട്ടു രാവിലെ വീണ്ടും കാണാമെന്നു പറഞ്ഞു ഗിരിവർഗ്ഗക്കാർ യാത്രയായി. നല്ല മുറിയും മൃദുവായ കിടക്കയും ഉണ്ടായിരുന്നിട്ടും ഗോപാലനു അന്നു രാത്രി ഉറക്കം വന്നില്ല. ഭൂമിയെപ്പററിയുള്ള വിചാരം അയാളെ വിട്ടുമാറിയില്ല.

'എനിക്കു നിഷ്പ്രയാസം മുപ്പത്തഞ്ചു മൈൽ ഒരു ദിവസം നടക്കാം. അങ്ങനെ വിസ്തൃതമായ ഒരു കൃഷിഭൂമി എൻേറതായിത്തീരും. നല്ല ഭൂമി എല്ലാം ഞാൻ കൃഷിചെയ്യും. ബാക്കി പാട്ടത്തിനു കൊടുക്കും.' ഇങ്ങനെ ഓരോ മനോരാജ്യങ്ങൾ ചിന്തിച്ചു കോഴികൂവുന്നതുവരെ അയാൾ ഉറക്കം വരാതെ കിടന്നു. പിന്നീടു ഉറക്കം വന്നു എങ്കിലും ഭീകരങ്ങളായ സ്വപ്നങ്ങൾകണ്ടു പല പ്രാവശ്യം ഞെട്ടിഉണർന്നു. സൂര്യോദയത്തിനുമുൻപു തന്നെ ഗോപാലൻ വേലക്കാരനെ തട്ടിയുണർത്തി. ഒരു മൺവെട്ടിയും എടുത്തുകൊണ്ടു രണ്ടുപേരും കൂടി വേഗത്തിൽ ചെന്നു മലവർഗ്ഗക്കാരെ വിളിച്ചുണർത്തി. എല്ലാവരും കൂടി സമതലത്തിൽ എത്തിയപ്പോൾ ഉദയസൂര്യൻ ചെങ്കതിരുകൾ വീശിക്കഴിഞ്ഞിരുന്നു. അവർ ഒരു ചെറിയ കുന്നിൻെറ മുകളിൽ കയറിനിന്നു കിഴക്കോട്ടു നോക്കി.

'നോക്കുക', ഗിരിവർഗ്ഗപ്രധാനി പറഞ്ഞു. 'ഈ

കാണുന്ന നോക്കെത്താത്ത വിസ്തൃതിയുള്ള സ്ഥലങ്ങളെല്ലാം ഞങ്ങളുടേതാണു്. ഇതിൽ നിങ്ങൾ ഇഷ്ടപ്പെടുന്ന ഭാഗം നിങ്ങൾക്കു തെരഞ്ഞെടുക്കാം.'

ഗോപാലൻെറ കണ്ണുകൾ ആർത്തിയോടെ പ്രകാശിച്ചു; അതെല്ലാം ഫലപുഷ്ടിയുള്ള ഭൂമിയായിരുന്നു. ഗിരിവർഗ്ഗപ്രധാനി തൻെറ തൊപ്പി എടുത്തു നിലത്തുവച്ചിട്ടു പറഞ്ഞു: 'ഇതാണു നിങ്ങൾ യാത്രതിരിക്കുന്ന സ്ഥാനം. സന്ധ്യക്കുമുൻപു നിങ്ങൾ ഇവിടെതന്നെ മടങ്ങി എത്തണം. നിങ്ങൾ അളന്നു അടയാളപ്പെടുത്തുന്ന ഭൂമി മുഴുവൻ നിങ്ങൾക്കു ലഭിക്കുന്നതാണു്.'

പതിനായിരം രൂപാ അടങ്ങിയ ഒരു പണക്കിഴി ഗോപാലൻ തൊപ്പിക്കു സമീപം വച്ചു. കോട്ടു ഊരിമാററി വച്ചിട്ടു അയാൾ ബെൽട്ടു മുറുക്കിക്കെട്ടി. ഒരു കുപ്പി വെള്ളം ബെൽട്ടിൽ തിരുകി. വേലക്കാരൻെറ കയ്യിൽനിന്നും മൺവെട്ടിവാങ്ങി തോളിൽവച്ചുകൊണ്ടു ചുററും നോക്കി. നോക്കുന്ന ഭൂമി എല്ലാം നല്ലതാണെന്നു അയാൾക്കു തോന്നി. ഒടുവിൽ (കിഴക്കോട്ടു) തന്നെ തിരിക്കാമെന്നു തീരുമാനിച്ചു. ഉദിച്ചുവരുന്ന സൂര്യൻെറ സ്വർണ്ണംപോലെ തിളങ്ങുന്ന മുകൾഭാഗം ചക്രവാളത്തിൽ പ്രത്യക്ഷമായപ്പോൾ ഗോപാലൻ സമതലത്തിൽകൂടി നടന്നുതുടങ്ങി. ഓരോ ഫർലാംഗ് ഇടയിട്ടു അയാൾ മൺവെട്ടികൊണ്ടു കുഴികുഴിച്ചു അടയാളപ്പെടുത്തിക്കൊണ്ടാണു മുൻപോട്ടു നടന്നതു്.

ഉദ്ദേശം മൂന്നുമൈൽ നടന്നപ്പോഴേക്കും സൂര്യൻെറ ചൂട വദ്ധിച്ചുതുടങ്ങി. വടക്കോട്ട തിരിഞ്ഞു നടക്കണൊ മെന്നു ആദ്യം അയാൾ വിചാരിച്ചു. പക്ഷെ കിഴക്ക കണ്ട സ്ഥലം വളരെ നല്ലതാണെന്നു തോന്നിയതുകൊണ്ടു വീണ്ടും മുൻപോട്ടുതന്നെ നടന്നു. ഇടയ്ക്കു അയാൾ തിരിഞ്ഞുനോക്കി. പുറപ്പെട്ട സ്ഥലത്തെ കുന്നു സൂര്യൻെറ പ്രഭയിൽ ദൃഷ്ടിയിൽനിന്നു മറഞ്ഞുകഴിഞ്ഞു.

അയാൾ മൺവെട്ടികൊണ്ടു ഒരു കുഴി കുഴിച്ചിട്ട വടക്കോട്ട തിരിഞ്ഞു. ചൂട വളരെ കൂടുതലായിരുന്നു. കുപ്പിയിൽനിന്നു കുറെ വെള്ളം കുടിച്ചുശേഷം കാലിലെ ചെരിപ്പ് ഊരി ബെൽട്ടിൽ തൂക്കിയിട്ടു നടപ്പു തുടന്നു. അയാൾക്കു കുറേക്കൂടി സുഖംതോന്നി എങ്കിലും ചൂട വദ്ധിച്ചുകൊണ്ടിരുന്നു. ഉച്ചയായപ്പോഴേക്കും അയാൾക്കു ക്ഷീണം തോന്നിത്തുടങ്ങി. രണ്ടു അപ്പവും കുറെ വെള്ളവും കുടിച്ചുകൊണ്ടു അയാൾ പടിഞ്ഞാറോട്ടു തിരിയാൻ ഭാവിച്ചു. പക്ഷെ മുൻപിൽ കണ്ടസ്ഥലം നെൽകൃഷിക്കു വളരെ പററിയതാണെന്നു തോന്നിയതിനാൽ കുറെക്കൂടി വടക്കോട്ടു നടന്നതിനുശേഷമാണ് അങ്ങോട്ടു തിരിഞ്ഞതു്. അതുകൊണ്ടു ഗോപാലൻ മൂന്നാമത്തെ വശത്തിൻെറ മദ്ധ്യത്തിൽ എത്തിയപ്പോഴേയ്ക്കും സൂര്യൻ പകുതി പടിഞ്ഞാറോട്ടു ചാഞ്ഞുകഴിഞ്ഞിരുന്നു. അവിടെ നിന്നും കുന്നിൽ മടങ്ങി എത്തുവാൻ പത്തുമൈൽ നടക്കണം.

'ഇനി മുന്നോട്ടു നടക്കേണ്ടാ' ഗോപാലൻ വിചാരിച്ചു. 'എനിക്കു കിട്ടുന്ന ഭൂമി ചതുരാകൃതിയിൽ ആയ

ല്ലെങ്കിലുംശരി സന്ധ്യക്കുമുൻപ് കുന്നിൽ മടങ്ങി എത്തണം. എന്നാൽതന്നെയും വളരെ വിസ്തൃതിയുള്ള ഒരു ഭൂഭാഗമാണു എനിക്കു കിട്ടുന്നതു്.

ഉടൻതന്നെ ഗോപാലൻ അവിടെ ഒരു കുഴി കുഴിച്ചു. മണ്ണുവെട്ടികൊണ്ടു ഒരു കുന കൂട്ടിയിട്ടു നേരെ തെക്കോട്ടു തിരിഞ്ഞു കുന്നിലേക്കു നടന്നുതുടങ്ങി. മുന്നോട്ടു നടക്കുംതോറും ഗോപാലനു ക്ഷീണവും തളർച്ചയും വർദ്ധിച്ചു. എങ്കിലും അയാൾ മുന്നോട്ടാഞ്ഞു നടന്നു. 'ഒരു മണിക്കൂർകൂടി ക്ലേശം സഹിച്ചാൽ മതി, ശേഷിച്ച ആയുസ്സു മുഴുവൻ സുഖിക്കാമല്ലോ', അയാൾ വിചാരിച്ചു.

കുന്നിൻമുകളിൽ നില്ക്കുന്ന ഗിരിവർഗ്ഗക്കാർ തന്നെ 'ഉച്ചത്തിൽ വിളിക്കുന്നതുപോലെ ഗോപാലനു തോന്നി. അയാൾ വേഗത്തിൽ നടന്നു. സർവ്വശക്തിയും പ്രയോഗിച്ചു ഗോപാലൻ ഓടിത്തുടങ്ങി. പടിഞ്ഞാറോട്ടു നോക്കിയപ്പോൾ സൂര്യൻ വളരെ താണു അടിവശം ചക്രവാളരേഖയിൽ മുട്ടിയതായി അയാൾകണ്ടു. ഗോപാലൻ മരണപ്പാച്ചിൽ പായുന്നതുപോലെ മുന്നോട്ടോടി. കുന്നിൻപുറത്തു നില്ക്കുന്നവർ തന്നെ മാടി വിളിക്കുന്നതു അയാൾക്കണ്ടു. നിലത്തിരിക്കുന്ന തൊപ്പിയും അതിനടുത്തിരുന്നു ഉറക്കെ ചിരിക്കുന്ന ഗിരിവർഗ്ഗ പ്രധാനിയേയും ഗോപാലൻ കണ്ടു.

സൂര്യൻ പകുതി മറഞ്ഞു കഴിഞ്ഞു. ശേഷിച്ച സകല ശക്തിയും പ്രയോഗിച്ചു ഗോപാലൻ മുന്നോട്ടു

പറഞ്ഞു. ശ്വാസം വലിച്ചുപിടിച്ചുകൊണ്ടു അയാൾ കുന്നിൻെറ മുകൾഭാഗത്തേക്കു ഓടിക്കയറി. ഒടുവിൽ മുകളിലെത്തി. തൊപ്പി അവിടെ ഇരിക്കുന്നു. ഗിരിവർഗ്ഗപ്രധാനി ഉറക്കെ പൊട്ടിച്ചിരിക്കുന്നു. ഗോപാലൻ വാവിട്ടു നിലവിളിച്ചുകൊണ്ടു മുൻപോട്ടു പാഞ്ഞടുത്തു. കാൽ കുഴഞ്ഞു അയാൾ മുന്നോട്ടു നെടുകെ വീണു തൊപ്പിയിൽ എത്തിപ്പിടിച്ചു. 'ഹ! ഹ!! ബഹു സമർത്ഥൻ!' ഗിരിവർഗ്ഗപ്രധാനി പറഞ്ഞു 'എന്തു ഭൂമി അവൻ സമ്പാദിച്ചിരിക്കുന്നു'.

വേലക്കാരൻ ഓടിച്ചെന്നു ഗോപാലനെ തറയിൽ നിന്നും പിടിച്ചുപൊക്കി. അയാളുടെ വായിൽനിന്നും രക്തം ധാരയായി പ്രവഹിക്കുന്നുണ്ടായിരുന്നു. ഇതു കണ്ടു മലവർഗ്ഗക്കാർക്കു വളരെ സഹതാപം തോന്നി. ഗോപാലൻ മരിച്ചുകഴിഞ്ഞിരുന്നു!

വേലക്കാരൻ മൺവെട്ടി എടുത്തു ഗോപാലനെ സംസ്കരിക്കാൻ കുഴിവെട്ടി. തലമുതൽ കാൽവിരൽ വരെ ആറടി മണ്ണു മാത്രമാണു ഗോപാലനു ആകെ ആവശ്യമായിവന്നതു്!

II

# ആമ പഠിപ്പിച്ച പാഠം

---

വടക്കേ ചൈനയിൽ പടിഞ്ഞാറേ അതിൎത്തി മുതൽ കിഴക്കേതീരംവരെ നീണ്ടൊഴുകി കടലിൽചെന്നു വീഴുന്ന ഒരു നദിയാണു മഞ്ഞനദി. ഒഴുകിപ്പോകുന്ന സ്ഥലങ്ങളിലെ മഞ്ഞനിറത്തിലുള്ള ചെളി വെള്ളത്തിൽ കലൎന്നു വെള്ളം എപ്പോഴും മഞ്ഞനിറത്തിലിരിക്കുന്നതുകൊണ്ടാണു ഈ നദിക്കു മഞ്ഞനദി എന്നു പേരുണ്ടായതു്. വടക്കേച്ചൈനയുടെ മിക്കവാറും എല്ലാ ഭാഗത്തുനിന്നും ചെറുതും വലുതുമായ പോഷക നദികൾ ഈ നദിയിൽ വന്നു ചേരുന്നുണ്ടു്. പണ്ടു ഈ നദിയിൽ എല്ലാക്കൊല്ലവും വെള്ളപ്പൊക്കം ഉണ്ടായിക്കൊണ്ടിരുന്നു. മഞ്ഞനദി കരകവിഞ്ഞൊഴുകുമ്പോൾ നിലങ്ങളും പുരയിടങ്ങളും വെള്ളത്തിനടിയിലാകുകയും, വമ്പിച്ച കൃഷിനാശം ഉണ്ടാകുകയും, ലക്ഷക്കണക്കിനാളുകൾ വീടില്ലാത്തവരായി തീരുകയും, ആടുമാടുകളും സാധനങ്ങളും ശക്തിയായ ഒഴുക്കിൽപ്പെട്ടു നശിച്ചുപോകുകയും ചെയ്യുക പതിവായിരുന്നു.

വളരെക്കാലം മുൻപു് യാവൊ എന്നും, ഷൺ എന്നും രണ്ടു മഹാന്മാരായ ചക്രവൎത്തിമാർ തുടരെ ചൈന ഭരിച്ചിരുന്നു. രണ്ടുപേരും ബുദ്ധിമാന്മാരും ജനക്ഷേമതല്പരന്മാരുമായിരുന്നു. മററു രാജ്യങ്ങളിലെ

രാജാക്കന്മാർ യുദ്ധത്തിലും, രക്തച്ചൊരിച്ചിലിലും അല്ലാതെ മററൊന്നിലും ശ്രദ്ധപതിപ്പിക്കാതിരുന്ന ആ കാലത്തു് ഇവർ രണ്ടുപേരും രാജ്യത്തിൻെറ അഭിവൃദ്ധിയിലും, ജനങ്ങളുടെ ക്ഷേമത്തിലും താല്പര്യം പ്രദർശിപ്പിച്ചു. രാജ്യമെങ്ങും സമാധാനവും സംതൃപ്തിയും പരിപാലിക്കുന്നതിനുവേണ്ടി അവർ സദാ പരിശ്രമിച്ചു.

ഇന്നത്തെപ്പോലെ അന്നും ചൈന പ്രധാനമായും ഒരു കർഷകരാജ്യമായിരുന്നു. സൂര്യചന്ദ്രന്മാരുടെയും നക്ഷത്രങ്ങളുടെയും ഗതിവിഗതികളെ നിരീക്ഷിച്ചു കാലാവസ്ഥയെപ്പററി നേരത്തെ പ്രവചിക്കുന്നതിനു അവർ ഹീ എന്നും ഹോ എന്നും രണ്ടു വാനശാസ്ത്രജ്ഞന്മാരെ നിയമിച്ചിരുന്നു. അവർ തയ്യാറാക്കുന്ന കാലാവസ്ഥ റിപ്പോർട്ടുകൾ കാലാകാലങ്ങളിൽ കൃഷി ഇറക്കുന്നതിനും കൊയ്യുന്നതിനും കർഷകർക്കു വളരെ സഹായമായിരുന്നു.

ചൈനയിലെ ജനങ്ങൾ വയലുകളിൽ കൃഷിപ്പണി ചെയ്തും, മഞ്ഞനദിയിലെ ചെളികൊണ്ടു മനോഹരമായ മൺപാത്രങ്ങളുണ്ടാക്കിയും സമാധാനപരമായ ജീവിതം നയിച്ചു. ചൈനയിലെ കളിമൺ പാത്രങ്ങൾ ലോകപ്രസിദ്ധങ്ങളായിത്തീർന്നു. സവ്വത്ര സമാധാനവും ക്ഷേമവും കളിയാടി. അങ്ങിനെ ഇരിക്കുമ്പോൾ ഒരിക്കൽ അപ്രതീക്ഷിതമായി രാജ്യത്തു ഒരു വലിയ അത്യാഹിതം ഉണ്ടായി. വലിയ കൊടുങ്കാററും പേമാരിയും രാജ്യത്തെല്ലായിടത്തും വമ്പിച്ച നാശങ്ങളുണ്ടാക്കി. മഞ്ഞനദിയും, വടക്കേ ചൈനയിലുള്ള

അതിൻെറ എല്ലാ പോഷക നദികളും കരകവിഞ്ഞൊഴുകി. നൽപ്പാടങ്ങൾ വെള്ളംകേറി നശിച്ചു. വീടുകൾ ഒഴുക്കിൻെറ ശക്തിയിൽപ്പെട്ടു അടിയിളകി ഒഴുകിപ്പോയി. ജനങ്ങൾ വീടില്ലാത്തവരായി. ആഹാരക്ഷാമം ജനങ്ങളെ വല്ലാതെ അലട്ടിത്തുടങ്ങി.

യാവൂ ചക്രവൎത്തിയുടെ കാലത്തിലാണു് ഈ അത്യാഹിതം ഉണ്ടായതു്.

"ഈ വെള്ളപ്പൊക്കം എന്തു വലിയ നാശങ്ങളാണുണ്ടാക്കിയിരിക്കുന്നതു്" ചക്രവൎത്തി പറഞ്ഞു. "ജനങ്ങൾ പരാതിപ്പെടുന്നതിൽ ഒട്ടും അത്ഭുതപ്പെടേണ്ടതില്ല. അവൎക്കു് ഭൂമിയും വീടും ആഹാരവും ഇല്ലാതായി തീൎന്നിരിക്കുന്നു."

വെള്ളപ്പൊക്കം തടയുന്നതിനാവശ്യമായ പദ്ധതികൾ കണ്ടുപിടിച്ചു നടപ്പാക്കുന്നതിനു് യാവൂ ഒരു മന്ത്രിയെ നിയമിച്ചു. ഒൻപതുകൊല്ലം തുടരെ ശ്രമിച്ചിട്ടും മന്ത്രിക്കു ഒന്നും ചെയ്യുവാൻ കഴിഞ്ഞില്ല. മഞ്ഞനദി മുറക്കു കരകവിഞ്ഞൊഴുകുകയും രാജ്യമെങ്ങും നാശങ്ങളും നഷ്ടങ്ങളും ഉണ്ടാകുകയും ചെയ്തുകൊണ്ടിരുന്നു. ചക്രവൎത്തി ഇതുകണ്ടു മന്ത്രിയെ പിരിച്ചുവിട്ടിട്ടു് പകരം അയാളുടെ മകനായ യൂവിനെ ആ സ്ഥാനത്തു നിയമിച്ചു.

യൂ വിവാഹം കഴിച്ചിട്ടു കഷ്ടിച്ചു നാലു ദിവസമേ ആയിരുന്നുള്ളു. വീടുവിട്ടു പോകുവാൻ യൂവിനു് മടി ഉണ്ടായിരുന്നു. എങ്കിലും തന്നെ ഏല്പിച്ചിരിക്കുന്ന

കൃത്യത്തിന്റെ ഗൗരവവും വലിപ്പവും മനസ്സിലാക്കിയ യു, ചക്രവർത്തിയുടെ ആജ്ഞ ശിരസാ വഹിക്കുകയും, സ്വന്ത കാര്യങ്ങളെല്ലാം ഉപേക്ഷിച്ച് ഔദ്യോഗിക കൃത്യത്തിനു തുനിഞ്ഞിറങ്ങുകയും ചെയ്തു.

മഞ്ഞ നദിയെ നിയന്ത്രിച്ച് വെള്ളപ്പൊക്കം തടയുന്നതിനു യു എട്ടുവർഷക്കാലം വിശ്രമമില്ലാതെ പണി എടുത്തു. ഈ കാലത്തിനുള്ളിൽ യു ഒരിക്കലെങ്കിലും വീട്ടിൽ പോകുകയോ, ഭാര്യയെയും കുട്ടിയെയും കാണുകയോചെയ്തിട്ടില്ല. ചക്രവർത്തി തന്നെ ഏൽപ്പിച്ച കൃത്യം ഒരു പാവന കൃത്യമായി യു കരുതി. ഭാര്യ, പുത്രൻ, ഭവനം, സ്വന്തസുഖം ഇവയെക്കാളൊക്കെ പ്രാധാന്യമർഹിക്കുന്നതാണ് താൻ ഏറ്റെടുത്തിരിക്കുന്ന കൃത്യം എന്ന് യു വിശ്വസിച്ചു.

ഒരു ദിവസം മന്ത്രിമന്ദിരത്തിൽനിന്നും വെളിയിലേക്കു പോകുവാൻ ഇറങ്ങിത്തിരിച്ച യു വളരെ നിരാശയോടുകൂടിയാണു അന്നു ജോലി ആരംഭിച്ചതു്. ഒൻപതു കൊല്ലം അയാളുടെ അച്ഛൻ ശ്രമിച്ചിട്ടും നിരാശയോടുകൂടി പിൻവാങ്ങേണ്ടിവന്ന ഒരു കൃത്യമാണു താൻ ഏറ്റെടുത്തിരിക്കുന്നതു്. പിന്നെ അയാൾക്കു എന്തു ചെയ്യുവാൻ കഴിയും? ഇപ്രകാരമുള്ള ചിന്തയിൽ മുഴുകി യു മുൻപോട്ടു നടന്നു. അയാൾ വിസ്തൃതമായ ഒരു ചതുപ്പുനിലത്തിന്റെ കരയിൽ എത്തി. ഒരു വലിയ ആമ മെല്ലെ നടന്നു ആ ചതുപ്പു നിലത്തിലേക്കു ഇറങ്ങിപ്പോകുന്നതു അയാൾ കണ്ടു. ആമയുടെ പുറം അയാളെ പെട്ടെന്നു് ആകർഷിച്ചു. അയാൾ സൂക്ഷിച്ചുനോക്കി.

ആമയുടെ പുറത്തെ ഓട്ടിയിലുള്ള കഴിഞ്ഞ വരകൾ ഓട്ടിയെ പല ഖണ്ഡങ്ങളായി വിഭജിച്ചിരിക്കുന്നതായി അയാൾ കണ്ടു. പുറത്തു വീഴുന്ന വെള്ളം, ഈ ചെറിയ ചാലുകളിൽക്കൂടി ഒഴുകി ഓട്ടിയുടെ അരുകിൽ ചുററുമുള്ള നെടിയ ചാലിൽ ചെന്നുചേരുന്നു. പുറകുവശത്തു തുമ്പുപോലെയുള്ള സ്ഥാനത്തുകൂടി വെളിയിലേക്കു പോകുന്നതും അയാളെ വളരെ അത്ഭുതപ്പെടുത്തി.

"ഈ ആമ എന്നെ മഹത്തായ ഒരു പാഠമാണു് പഠിപ്പിച്ചിരിക്കുന്നതു" യു ആത്മഗതമായി പറഞ്ഞു. "ആമയുടെ പുറത്തു കാണുന്നതുപോലെയുള്ള രീതിയിൽ തോടുകൾ വെട്ടി വടക്കെ ചൈനയെ പല പ്രൊവിൻസുകളായി വിഭജിക്കും. അങ്ങനെ ആ തോടുകൾ വഴി വെള്ളം ഒഴുകി വെളിയിലേക്കു പോകും"

യു അങ്ങനെതന്നെ ചെയ്തു. ഒരു വമ്പിച്ച ഭൂമിസേനയുടെ സഹായത്തോടുകൂടി യു വടക്കെ ചൈനയെ ഒൻപതു പ്രൊവിൻസുകളായി വിഭജിച്ചു. പിന്നീടു് ഓരോ പ്രൊവിൻസുകളിലും നീർച്ചാലുകൾ വെട്ടി ചുററുമുള്ള വലിയ തോടുകളുമായി ബന്ധിച്ചു. മഞ്ഞനദിയുടെയും അതിൻെറ എല്ലാ പോഷക നദികളുടെയും ഉത്ഭവസ്ഥാനങ്ങൾ കണ്ടുപിടിച്ചു. താഴവരകളിലുള്ള വനങ്ങൾ തീവച്ചു നശിപ്പിക്കുകയും, സമതലങ്ങളിൽ ചിറകെട്ടുകയും ചെയ്തു. അങ്ങനെ മഞ്ഞനദിയിലെ വെള്ളം കരകവിഞ്ഞാൽ അതു ചാലുകളിൽക്കൂടി ഒഴുകി കടലിൽചെന്നു വീഴുവാനുള്ള പദ്ധതി യു നടപ്പിലാക്കി. വടക്കെ ചൈനയിൽ വെള്ളപ്പൊക്കം ഇല്ല-

തെയായി. വീട്ടുവിട്ടോടിയ ജനങ്ങൾ മടങ്ങിവന്നു പ്രൊവിൻസുകളിൽ താമസം ഉറപ്പിച്ചു. നാട്ടിൽ വീണ്ടും ക്ഷേമവും അഭിവൃദ്ധിയും ഉണ്ടായി.

യു ഈ കാര്യങ്ങളെല്ലാം സാധിക്കുന്നതിനു മുമ്പു തന്നെ യാവൂ ചക്രവർത്തി തീപ്പെട്ടിരുന്നു. മഹാനായ ഷൺ ചക്രവർത്തിയാണു് പിന്നീടു് ഭരണം ഏറ്റെടുത്തതു്. വെള്ളപ്പൊക്കത്തിൽ നിന്നും നാശങ്ങളിൽ നിന്നും ചൈനയെ രക്ഷിച്ച യു വളരെ പ്രസിദ്ധനായി തീർന്നു. ചക്രവർത്തി അദ്ദേഹത്തെ ഒരു ഭരണോപദേഷ്ടാവായി നിയമിച്ചു. ചക്രവർത്തിയുടെ മരണത്തിനു ശേഷം യു ചൈനയിലെ ചക്രവർത്തിയായി തീർന്നു.

ദീർഘകാലം ജനസേവനം നടത്തിയ യു വാർദ്ധക്യത്തിലാണു് ചക്രവർത്തിയായിത്തീർന്നതു്. ജനക്ഷേമത്തെ മുൻനിറുത്തി യു രാജ്യഭരണം നടത്തി. ജനങ്ങളെല്ലാം ചക്രവർത്തിയെ അവരുടെ സ്നേഹിതനെന്ന നിലയിൽ കരുതണമെന്നു യു ആഗ്രഹിച്ചു. എപ്പോൾ വേണമെങ്കിലും ജനങ്ങൾക്കു് സ്വാതന്ത്ര്യമായി ചെന്നു ചക്രവർത്തിയെ മുഖം കാണിക്കുവാൻ വേണ്ട സൗകര്യങ്ങൾ അദ്ദേഹം ഉണ്ടാക്കി.

യുവിന്റെ ഭരണം ജനങ്ങളെ അത്യന്തം സന്തുഷ്ടരാക്കി. എല്ലാവരും ചക്രവർത്തിയെ ഒരു സ്നേഹിതനെപ്പോലെ കരുതി ആത്മാർത്ഥമായി സ്നേഹിച്ചു. ചൈനയെ വെള്ളപ്പൊക്കത്തിൽ നിന്നും രക്ഷിച്ച ചക്രവർത്തിയെ എപ്പോഴും കൃതജ്ഞതയോടുകൂടി ജനങ്ങൾ സ്മരിച്ചു.

നിസ്സാരമായി നാം കരുതുന്ന ആമയെപ്പോലും പുച്ഛിച്ചു തള്ളുവാൻ പാടില്ലെന്നും, നമ്മിൽ ഓരോരുത്തരെയുംപോലെ ഒരു ആമയ്ക്കും രാജ്യരക്ഷയിൽ ഒരു പങ്കു നിർവഹിക്കുവാൻ സാധിക്കുമെന്നും ഇതുകൊണ്ടു നമുക്കു മനസ്സിലാക്കാം.

## III
## കെയിറോയിലെ യാചകൻ

ഹാജിബെറൂദി മരിച്ചിട്ട് അനേകം നൂററാണ്ടുകളായി. എങ്കിലും കെയിറോയിലെ ജനങ്ങൾ ഇന്നും അദ്ദേഹത്തെ പുകഴ്ത്തുന്നു. കഴുതയെ തെളിക്കുന്ന ഒരു ബാലനായിട്ടാണു ബെറൂദി ആദ്യം കെയിറോയിൽ വന്നതു്. ദരിദ്രനായ ബെറൂദി ഉൽസാഹശീലനും പരിശ്രമശാലിയും ആയിരുന്നു. ഏതു ജോലി ഏല്പിച്ചാലും ബെറൂദി അതു തൃപ്തികരമായി ചെയ്യും. ഭാരം ചുമക്കാൻ തക്ക പ്രായം ആയപ്പോൾ ബെറൂദി ഒരു വ്യാപാരിയുടെ ചുമട്ടുകാരനായിതീർന്നു. നല്ലപോലെ ജോലിചെയ്തു ആ വ്യാപാരിയുടെ പ്രീതി അയാൾ സമ്പാദിച്ചു. ഇതിനിടയിൽ ബെറൂദി എഴുതുവാനും വായിക്കുവാനും പഠിച്ചു. ഒടുവിൽ ആ വ്യാപാരിയുടെ കത്തുകൾ എഴുതുന്ന ജോലി ബെറൂദിക്കു ലഭിച്ചു.

ഒരു ദിവസം രാവിലെ വ്യാപാരി കരഞ്ഞുകൊണ്ടു ബെറൂദിയുടെ അടുത്തെത്തി. അയാൾ പറഞ്ഞു, "നീ മറെറാരു യജമാനനെ കണ്ടുപിടിക്കണം. കൊള്ളക്കാർ എന്റെ കപ്പൽ പിടിച്ചെടുത്തിരിക്കുന്നു. ഞാൻ

അങ്ങനെ പാപ്പരായി തീന്നിരിക്കുന്നു. അയ്യോ! എന്റെ പ്രിയപ്പെട്ട മകളുടെ ഗതി എന്തായിരിക്കും?"

"എനിക്കതിനു യോഗ്യതയുണ്ടെന്നു അങ്ങു കരുതുന്നുണ്ടെങ്കിൽ ഞാൻ അവളെ വിവാഹം കഴിക്കാം." ബറൂദി മറുപടി പറഞ്ഞു. "അങ്ങയുടെ വ്യാപാരത്തിന്റെ കാര്യമാണെങ്കിൽ കുറെപ്പണം ഞാൻ മിച്ചം വച്ചിട്ടുണ്ടു്. നാം രണ്ടുപേരും യോജിച്ചു പ്രവത്തിക്കുന്ന പക്ഷം ഒരു വ്യാപാരം നടത്തിക്കൊണ്ടുപോകുവാൻ സാധിക്കുമെന്നാണ് എനിക്കു തോന്നുന്നതു്.

വ്യാപാരിയുടെ മകളെ ബറൂദി വിവാഹം ചെയ്തു. ഒരു കൊല്ലം കഴിഞ്ഞപ്പോൾ അവക്കു ഒരു പുത്രൻ ജനിച്ചു. വൃദ്ധനായ വ്യാപാരി വ്യാപാരകാര്യങ്ങളിൽ നിന്നു വിരമിച്ചു വീട്ടിൽ സ്വസ്ഥനായിരുന്നു. ബറൂദി തന്നെ വ്യാപാരം നടത്തി.

ബറൂദിയുടെ മേൽനോട്ടത്തിൽ വ്യാപാരം അഭിവൃദ്ധിപ്പെട്ടു. അയാൾ ഒരു ദാനശീലനായിരുന്നു. വളരെപ്പണം പതിവായി അയാൾ ദാനം കൊടുത്തുവന്നു. എങ്കിലും അയാൾക്കു സമ്പാദ്യം അടിക്കടി വദ്ധിച്ചുകൊണ്ടിരുന്നു. ഒരു കഴുതക്കാരനായിരുന്ന പഴയ കഥ ബറൂദി മറന്നില്ല. ദാരിദ്ര്യദുഃഖം അനുഭവിക്കുന്നവരേയും, കുഴപ്പത്തിലായവരെയും അയാൾ ഉദാരമായി സഹായിച്ചു. കെയിറോയിലുള്ള എല്ലാവരും ബറൂദിയെ സ്നേഹിക്കയും ബഹുമാനിക്കയും ചെയ്തു.

പുത്രനായ ഉമ്മറിനു നാലു വയസ്സായപ്പോൾ ബറൂദി മക്കത്തേക്കു ഒരു തീത്ഥയാത്ര പോയി. തീത്ഥ

യാത്രക്കുശേഷം ഹാജി ബറൂദിയുടെ വ്യാപാരം പൂർവ്വാധികം അഭിവൃദ്ധിപ്പെട്ടു തുടങ്ങി. ധനം കൂടുതൽ കിട്ടുന്തോറും, ബറൂദി കൂടുതൽ ദാനവും നൽകിക്കൊണ്ടിരുന്നു. തന്റെ ഭാര്യയുടെ പിതാവു മരിച്ചപ്പോൾ അയാളുടെ സ്വത്തുക്കളും ബറൂദിക്കു ലഭിച്ചു. അങ്ങനെ ബറൂദി കെയിറോയിലെ ഏറ്റവും വലിയ ധനികനായി. മൊറോക്കോ, ആഫ്ഗാനിസ്ഥാൻ, ട്രിപ്പോളി എന്നീ രാജ്യങ്ങളിലെ ഭരണാധികാരികൾ ബറൂദിയുടെ സ്നേഹിതന്മാരായി തീർന്നു. ട്രിപ്പോളിയിലെ എമീറിന്റെ ഇളയ പുത്രിയെ തന്റെ പുത്രനായ ഉമ്മറിനു വിവാഹം കഴിച്ചുകൊടുക്കാമെന്നു എമീർ സമ്മതിച്ചു.

വേണ്ടത്ര അകമ്പടിക്കാർ, സമ്മാനങ്ങൾ നൽകാനുള്ള പട്ട്, രത്നങ്ങൾ, വിശേഷസാധനങ്ങൾ എന്നിവയോടുകൂടി ഒട്ടകങ്ങളുടെ പുറത്തു സവാരിചെയ്തു ഉമ്മർ മണലാരണ്യം കടന്നു ട്രിപ്പോളിയിൽ എത്തി. സുന്ദരിയും സുശീലയുമായ ഫാത്തിമാ എന്ന ബാലികയായ രാജകുമാരിയും ഉമ്മറും തമ്മിലുള്ള വിവാഹനിശ്ചയം കൊട്ടാരത്തിൽവച്ച് അത്യാഡംബരപൂർവം നടന്നു. ഉമ്മറിനു പതിനേഴു വയസ്സു തികയുമ്പോൾ ട്രിപ്പോളിയിൽ വീണ്ടും വന്നു രാജകുമാരിയെ കെയിറോയിലുള്ള തന്റെ പിതാവിന്റെ മാളികയിലേക്കു സാഘോഷം കൂട്ടിക്കൊണ്ടു പോകുന്നതിനും വ്യവസ്ഥ ചെയ്തു.

രാജകുഡുംബവുമായി ഇപ്രകാരം ഒരു ബന്ധം ഉണ്ടായതിൽ ബറൂദി വളരെ ആഹ്ലാദിച്ചു. കെയിറോയിലുള്ള എല്ലാ യാചകന്മാർക്കും വിഭവ സമൃദ്ധമായ ഒരു

സദ്യ അയാൾ നടത്തി. നിർധനകളായ വിധവകൾക്കും പിതാവില്ലാത്ത കുട്ടികൾക്കും ധാരാളം പണം ബറൂദി കൊടുത്തു.

ഹാജി ബറൂദി ഇപ്രകാരം വളരെ പ്രസിദ്ധനായി കഴിഞ്ഞുവരുമ്പോൾ ഒരു ദിവസം ഒരു വൃദ്ധനായ യാചകൻ അയാളുടെ കൊട്ടാരത്തിന്റെ ഗേററിൽ എത്തി. തനിക്കു ആഹാരം നൽകണമെന്നും, ഏതാനും ദിവസം അവിടെ താമസിക്കാൻ അനുവദിക്കണമെന്നും യാചകൻ അഭ്യർത്ഥിച്ചു. ആ യാചകന്റെ മുഖഭാവം പ്രസന്നവും, ഐശ്വര്യസംപൂർണ്ണവും ആയിരുന്നു. അയാൾ ധരിച്ചിരുന്ന മുഷിഞ്ഞു കീറിയ ഉടുപ്പുകൾ ആൾ ആരെന്നു അറിയാതിരിക്കാൻ ധരിച്ചിരിക്കയാണെന്നു തോന്നി. ജീവനുള്ളവ ഒഴികെ മററു യാതൊരു വസ്തുവും വലതു കൈകൊണ്ടു തൊടുകയില്ലെന്നുള്ളതു അയാളുടെ ഒരു പ്രത്യേകതയായിരുന്നു. പാത്രങ്ങൾ കൈകാര്യം ചെയ്യുന്നതിലും വടി പിടിക്കുന്നതിനും കതകു തുറക്കുന്നതിനും മററും അയാൾ ഇടതു കൈ മാത്രമേ ഉപയോഗിച്ചുള്ളു.

ബറൂദി ഈ യാചകനെ ഉദ്യാനത്തിൽവച്ചു കണ്ടു സംസാരിച്ചു. അയാളുടെ സംസാരരീതിയും ജ്ഞാനവും ഫലിതഭാഷണവും ബറൂദിയെ വളരെ ആകർഷിച്ചു. യാചകൻ തന്റെകൂടെ താമസിക്കണമെന്നു ബറൂദി നിർബന്ധിച്ചു. തന്റെ കൊട്ടാരത്തിലെ ഏററവും നല്ല മുറി യാചകനു നൽകി. എല്ലാവരും യാചകനോടു വളരെ ആദരവോടെ പെരുമാറി.

യാചകൻ ഒരു പ്രത്യേക സ്വഭാവമുള്ള പണ്ഡിതനായിരുന്നു. കുട്ടികളെയും, അജ്ഞന്മാരെയും അയാറം പണ്ഡിതന്മാരെക്കാറം കൂടുതൽ ആകർഷിച്ചു. ഉമ്മറിനോടൊത്തു കഴിയുവാൻ അയാറം കൂടുതൽ ഇഷ്ടപ്പെട്ടു. പകൽസമയം മുഴുവൻ അയാറം ഉമ്മറിനോടൊത്തു അവിടെയെല്ലാം ചുററിനടന്നു. സ്വയം അറിയാതെ തന്നെ ആ യാചകനിൽനിന്നും ഉമ്മറിനു നല്ല ഉൽബോധനം സിദ്ധിക്കുന്നുണ്ടായിരുന്നു. യാചകൻ കണ്ടിട്ടുള്ള വിശേഷ വസ്തുക്കളെപ്പററിയും, അത്ഭുത സംഭവങ്ങളെപ്പററിയും ഉമ്മറെ പറഞ്ഞു മനസ്സിലാക്കി. മനസ്സു വികസിക്കുന്നതിനും ഉത്തമവികാരങ്ങറം ഉണ്ടാകുന്നതിനും യാചകന്റെ കഥകറം ഉമ്മറെ വളരെ സഹായിച്ചു.

യാചകന്റെ ഒരു പ്രവൃത്തിമാത്രം ഉമ്മറിനു മനസ്സിലാക്കാൻ കഴിഞ്ഞില്ല. എല്ലാദിവസവും വൈകുന്നേരം ഉടഞ്ഞ കല്ലുകളും കമ്പോട്ടുകളും ഉമ്മറിനെക്കൊണ്ടു ശേഖരിപ്പിക്കും. ഇരുട്ടാകുമ്പോറം ഇതെല്ലാം കൂടി കൊട്ടാരത്തിന്റെ ഒരുവശത്തുള്ള ഉദ്യാനത്തിന്റെ ഒരു കോണിൽ കുഴിച്ചിടും. കുഴിച്ചിടുന്നതിനു മുൻപു യാചകൻ ഈ കല്ലും കമ്പോട്ടുംകൊണ്ടു എന്തുചെയ്യുന്നു എന്നു ഇരുട്ടായതുകൊണ്ടു ഉമ്മറിനു മനസ്സിലാക്കുവാൻ സാധിച്ചില്ല. എന്നാൽ കുഴിച്ചിടുന്നതിനു മുൻപു് യാചകൻ അവയിലെല്ലാം തന്റെ വലതുകൈകൊണ്ടു തൊടുമായിരുന്നു.

ഉമ്മറിനു പതിനാലു വയസ്സായപ്പോറം ഒരു ദിവസം വൈകുന്നേരം യാചകൻ പെട്ടെന്നു സ്ഥലംവിട്ടു.

ഏതാനും മാസങ്ങൾ കഴിഞ്ഞപ്പോൾ ബെദൂദിക്കു കഷ്ടകാലവും തുടങ്ങി. അയാളുടെ വ്യാപാരം നിലച്ചു. കൈവശം ഉള്ള മുതൽ എല്ലാം വിററു കടം തീൎത്തു. പിന്നെയും വമ്പിച്ച കടം അവശേഷിച്ചു. അവമാനകരമായ ഈ അവസ്ഥ സഹിക്കാൻ കഴിവില്ലാതെ രോഗംപിടിപെട്ടു ബെദൂദി മരിച്ചു. ബെദൂദിയുടെ ഭാൎയ്യയും പുത്രനായ ഉമ്മറും, ജീവിക്കാൻ മാൎഗ്ഗമില്ലാതെ വലഞ്ഞു. ഉമ്മർ തന്റെ വിലയേറിയ വസ്ത്രങ്ങളും വിററു മാതാവിന്റെ നിത്യച്ചെലവിനു പണം ഉണ്ടാക്കി. ശേഷിച്ച പണംകൊണ്ടു അയാൾ ഒരു ഒട്ടകത്തിനെ വാങ്ങി. മണലാരണ്യം കടന്നു ട്രിപ്പോളിയിലെത്തി എമീറിനെ കാണുവാനായി ഒരുദിവസം രാവിലെ ഉമ്മർ യാത്ര തിരിച്ചു.

ദീർഘയാത്രമൂലം ക്ഷീണിച്ചു വിശന്നു ഒരുദിവസം വൈകുന്നേരം ഉമ്മർ എമീറിന്റെ കൊട്ടാരത്തിൽ എത്തി. തന്റെ പേരും, മററു വിവരങ്ങളും അയാൾ കാവൽക്കാരെ അറിയിച്ചു. എന്നാൽ കോപത്തോടുകൂടി അവർ ഉടനെ ഗേററു അടക്കുകയാണു ചെയ്തതു്.

“എമീർ നിങ്ങളെ കാണുകയില്ല,” ഒരു കാവൽക്കാരൻ ഉറക്കെ പറഞ്ഞു. “ഒരു കഴുതക്കാരന്റെ മകനും ദരിദ്രനുമായ നിങ്ങളെ അകത്തേക്കു കടത്തിവിടരുതെന്നു ഉത്തരവുണ്ടു്.”

ഉമ്മർ വളരെ മഹാമനസ്കനും, സൽസ്വഭാവിയുമായിരുന്നു. ഇസ്ലാമികനിയമമനുസരിച്ചും, ആചാരമര്യാദകളനുസരിച്ചുമായിരുന്നു ഉമ്മറിന്റെ വിവാഹ

നിശ്ചയം നടത്തിയതു്. എന്നാൽ ഇപ്പോൾ തന്നെ സ്വാഗതം ചെയ്യുന്നതിനു പകരം ആക്ഷേപിക്കുകയാണു് എമീർ ചെയ്തിരിക്കുന്നതു്. ഉമ്മർ ഒന്നുംപറയാതെ പിൻതിരിഞ്ഞു മണലാരണ്യത്തിലേക്കു തൻെറ ഒട്ടകത്തെ നയിച്ചു.

അന്നു രാത്രി ഒരു വൃദ്ധയായ യാചകി കൊട്ടാരത്തിൻെറ ഗേററുകടന്നു വെളിയിലേക്കു വന്നു. മുഷിഞ്ഞതും കീറിയതുമായ വസ്ത്രങ്ങളാണു് ആ യാചകി ധരിച്ചിരുന്നതു എങ്കിലും ഒരു ഒട്ടകവും ഒരുകെട്ടു ഈന്തപ്പഴവും വാങ്ങുവാനുള്ള പണം അവളുടെ കൈവശം ഉണ്ടായിരുന്നു. വളരെ തിടുക്കത്തിൽ യാചകി ഒട്ടകത്തിൻെറ പുറത്തു കയറി ഉമ്മർ തിരിച്ചുപോയവഴിയേതന്നെ യാത്ര ആരംഭിച്ചു. അടുത്ത വിശ്രമസ്ഥലത്തുവച്ചു് അവൾ ഉമ്മറെ കണ്ടുമുട്ടി. ഉമ്മർക്കു നല്ല വിശപ്പുണ്ടായിരുന്നതിനാൽ യാചകി നൽകിയ ഈന്തപ്പഴം അയാൾ നന്ദിയോടെ സ്വീകരിച്ചു.

"നിങ്ങൾ കെയിറോയിലേക്കു പോകുകയാണോ?" യാചകി ചോദിച്ചു.

"അതെ," ദുഃഖത്തോടെ ഉമ്മർ മറുപടി പറഞ്ഞു.

"നിങ്ങൾക്കു വിരോധമില്ലെങ്കിൽ ഞാനും നിങ്ങളോടുകൂടി വരാം."

അങ്ങിനെ അവർ രണ്ടുപേരും ഒരുമിച്ചു യാത്ര തുടങ്ങി. കീറിപ്പറിഞ്ഞ വസ്ത്രങ്ങളാണു് യാചകി ധരിച്ചിരുന്നതെങ്കിലും അവളുടെ സംഭാഷണം വളരെ ഉന്മേഷകരവും രസകരവുമായി ഉമ്മറിനു തോന്നി.

കെയ്റോയിൽ എത്തിയപ്പോഴാണ് തന്റെകൂടെ യാത്രചെയ്ത യാചകി യഥാർത്ഥത്തിൽ ട്രിപ്പോളിയിലെ രാജകുമാരി ആയിരുന്നു എന്നു ഉമ്മറിനു മനസ്സിലായതു. കൊട്ടാരത്തിന്റെ പടിക്കൽ എത്തിയ ഉമ്മറെ മുകളിലത്തെ നിലയിൽ ഇരുന്ന ഫാത്തിമാ കണ്ടിരുന്നു. ഉടൻതന്നെ ഫാത്തിമാ മുഷിഞ്ഞു കീറിയ വസ്ത്രങ്ങൾ ധരിച്ചു. മുഖത്തു കരിതേച്ചു വികൃതമാക്കുകയും, മുടി മുറിച്ചു കളയുകയും ചെയ്തു. അങ്ങിനെ ആരെയും മനസ്സിലാക്കാതെ ഒരു യാചകിയുടെ വേഷത്തിൽ ഫാത്തിമാ ഉമ്മറെ അനുഗമിച്ചു.

ഒരു ദിവസം വൈകുന്നേരം ഉമ്മറും ഫാത്തിമായും അവരുടെ തോട്ടത്തിൽ ചുററിനടന്നു പഴയ കഥകൾ പറയുകയായിരുന്നു. തോട്ടത്തിന്റെ ഒരു കോണിൽ എത്തിയപ്പോൾ ഉമ്മർ പറഞ്ഞു:—

"ഇവിടെയാണു അന്നു ആ യാചകൻ ഉടഞ്ഞ കല്ലും കലമ്പോടും കുഴിച്ചിട്ടതു്."

ഉമ്മർ കാലുകൊണ്ടു അവിടെയുള്ള കുറെ മണ്ണു തട്ടിഇളക്കി. പെട്ടെന്നു അയാളുടെ കാൽ ഒരു സ്വർണ്ണക്കട്ടിയിൽ തട്ടി. ഉമ്മറും ഫാത്തിമായും വളരെ ആശ്ചര്യപ്പെട്ടു. ഉടൻതന്നെ ഉമ്മർ ഒരു മൺവെട്ടി കൊണ്ടുവന്നു ആ സ്ഥലം വെട്ടിഇളക്കി. ആ സ്ഥലം മുഴുവൻ സ്വർണ്ണക്കട്ടകളും സ്വർണ്ണക്കലമ്പോടുകളുംകൊണ്ടു നിറഞ്ഞതായി കാണപ്പെട്ടു.

"ആ കിഴവനായ യാചകൻ തൊട്ടതെല്ലാം സ്വർണ്ണമായി എന്നാണു തോന്നുന്നതു്" ഫാത്തിമാ പറഞ്ഞു.

അതങ്ങനെതന്നെ ആയിരുന്നു. സ്വർണ്ണം മുഴുവൻ കഴിച്ചെടുത്തപ്പോൾ ഉമ്മർ തന്റെ പിതാവിനേക്കാൾ ധനികനായി തീർന്നു. വിവരങ്ങൾ അറിഞ്ഞപ്പോൾ ഏമിർ വളരെ സന്തോഷിച്ചു. ബെരൂദിയെപ്പോലെ ഉമ്മറും മഹാമനസ്കനും ദാനശീലനും ആയിരുന്നതിനാൽ കെയിറോയിലെ ജനങ്ങളും ആഹ്ലാദിച്ചു.

## IV

## ഉപ്പ്

വളരെക്കാലം മുൻപ് മംഗലപുരി എന്ന രാജ്യത്തു ഒരു രാജാവുണ്ടായിരുന്നു. ഒരു ദിവസം രാജാവു അദ്ദേഹത്തിന്റെ മൂന്നുപുത്രന്മാരെയും അരികിൽ വിളിച്ചു അവർ ഓരോരുത്തരും പിതാവിനെ എത്രമാത്രം സ്നേഹിക്കുന്നു എന്നു പറയുവാൻ ആജ്ഞാപിച്ചു. ലോകത്തിലുള്ള എല്ലാ വിലപിടിച്ച രത്നങ്ങളെക്കാളും, വിശിഷ്ടവസ്തുക്കളെക്കാളും ഉപരിയായി പിതാവിനെ താൻ സ്നേഹിക്കുന്നു എന്നു മൂത്തപുത്രൻ പറഞ്ഞു. ഏററവും മെച്ചമായ പഴങ്ങളെക്കാളും, മധുരപലഹാരങ്ങളെക്കാളും കൂടുതലായി പിതാവിനെ സ്നേഹിക്കുന്നു എന്നു രണ്ടാമത്തെ പുത്രൻ രാജാവിനെ അറിയിച്ചു. എന്നാൽ മൂന്നാമത്തെ പുത്രൻ വളരെ സ്നേഹത്തോടുകൂടി പിതാവിനെ ആലിംഗനം ചെയ്തിട്ടു പറഞ്ഞു.

'പ്രിയപ്പെട്ട അച്ഛാ, ഞാൻ ഉപ്പിനെപ്പോലെ അങ്ങയെ സ്നേഹിക്കുന്നു.'

അപ്രതീക്ഷിതമായ ഈ ഉത്തരം രാജാവിനെ വളരെ കുപിതനാക്കി. ഈ പുത്രനെ കാട്ടിൽക്കൊണ്ടു

പോയി! തലവെട്ടിക്കളയുവാൻ ഭടന്മാരോടു രാജാവു് ആജ്ഞാപിച്ചു. ആയുധധാരികളായ കാവൽഭടന്മാർ രാജകുമാരനെ കാട്ടിലേക്കു കൊണ്ടുപോയി.

ഓമനത്വം തുളുമ്പുന്ന ആ രാജകുമാരനെ വെട്ടി കൊല്ലുവാൻ കാവൽഭടന്മാക്കു മനസ്സുണ്ടായില്ല. വനത്തിൽ ആരും കാണാത്ത ഒരു പ്രദേശത്തേക്കു അവർ രാജകുമാരനെ കൂട്ടിക്കൊണ്ടുപോയി. അവിടെ എത്തിയപ്പോൾ അവർ പറഞ്ഞു.

'അല്ലയോ രാജകുമാരാ, ഞങ്ങൾ അങ്ങയെ വളരെ സ്നേഹിക്കുന്നു. അതുകൊണ്ടു് അങ്ങയെ കൊല്ലുവാൻ ഞങ്ങൾക്കു തീരെ ഇഷ്ടമില്ല. അങ്ങയുടെ ഉടുപ്പുകൾ എല്ലാം അഴിച്ചു ഇവിടെ വയ്ക്കുക. ഞങ്ങൾ വല്ല മൃഗങ്ങളെയും കൊന്നു അതിൻെറ രക്തത്തിൽ ഈ ഉടുപ്പുകൾ മുക്കി കൊണ്ടുപോയി അങ്ങയുടെ പിതാവിനെ കാണിച്ചുകൊള്ളാം. പക്ഷെ അങ്ങു മേലാൽ ഒരിക്കലും ഈ രാജ്യത്തിലോ അടുത്ത സ്ഥലങ്ങളിലോ പ്രവേശിക്കരുതു്.'

മരിക്കുകയില്ലെന്നു മനസ്സിലായപ്പോൾ രാജകുമാരനു വളരെ സന്തോഷമുണ്ടായി. ഉടൻതന്നെ തൻെറ ഉടുപ്പുകൾ എല്ലാം അഴിച്ചു ഭടന്മാരെ ഏല്പിച്ചിട്ടു രാജകുമാരൻ രാജ്യത്തിൻെറ അതിത്തി കടന്നു.

പല കുന്നുകളും താഴ്‌വരകളും കടന്നു ഒടുവിൽ രാജകുമാരൻ മറെറാരു രാജ്യത്തിലെത്തി. ആ രാജ്യത്തെ രാജാവു നാടു നീങ്ങിയപ്പോൾ അനന്തരഗാമിയെ തിരിഞ്ഞെടുക്കുന്നതിനുള്ള ഒരുക്കങ്ങൾ നടന്നുകൊണ്ടിരിക്കുമ്പോഴാണു രാജകുമാരൻ അവിടെ എത്തിയതു്. കുന്നിൻ ചരിവിലുള്ള ഒരു നഗരത്തിൻെറ അതിത്തിയിലെ

ഒരു ഭവനത്തിൻെറ വാതിലിൽ രാജകുമാരൻ മുട്ടിവിളിച്ചു.

ഒരു വൃദ്ധയാണു ആ വീട്ടിൽ താമസിച്ചിരുന്നതു്. വളരെ ദൂരെയുള്ള ഒരു സ്ഥലത്തുനിന്നാണു താൻ വരുന്നതെന്നും മാതാപിതാക്കൾ മരിച്ചുപോയി എന്നും രാജകുമാരൻ വൃദ്ധയോടു പറഞ്ഞു. ആ വീട്ടിൽ തന്നെക്കൂടി താമസിപ്പിക്കാൻ ദയവുണ്ടാകണമെന്നു അവൻ അപേക്ഷിച്ചതനുസരിച്ചു് മക്കളില്ലാത്ത ആ വൃദ്ധ വളരെ സന്തോഷത്തോടുകൂടി സ്വന്തം പുത്രനെപ്പോലെ രാജകുമാരനെ സ്വാഗതം ചെയ്തു.

രാജകുമാരൻ വൃദ്ധയോടുകൂടി താമസമായതിൻെറ മൂന്നാംദിവസം, ഒരു രാജാവിനെ തെരഞ്ഞെടുക്കുവാനായി ആ രാജ്യത്തെ ജനങ്ങളെല്ലാം നഗരത്തിനു വെളിയിലുള്ള ഒരു മൈതാനത്തു സമ്മേളിച്ചു. വൃദ്ധയും പുതിയതായി ലഭിച്ച പുത്രനും ഇതിൽ സംബന്ധിച്ചു. ഒരു പ്രാവിനെ കൂടുതുറന്നു വെളിയിലേക്കു വിടും. ആ പ്രാവു് ചുററിപ്പറന്നു ആരുടെ തലയിൽ വന്നിരിക്കുന്നുവോ അയാളെ രാജാവായി തെരഞ്ഞെടുക്കും. അതായിരുന്നു ആ രാജ്യത്തെ നടപ്പു്. കീഴ്നടപ്പനുസരിച്ചു അന്നും പ്രാവിനെ കൂട്ടിൽനിന്നു വെളിയിലേക്കു വിട്ടു. പ്രാവു് പറന്നുയർന്നു വട്ടംചുഴന്നു താഴോട്ടിറങ്ങി വൃദ്ധയുടെ പുത്രൻെറ തലയിൽ വന്നിരുന്നു. എന്നാൽ ജനങ്ങൾ ആ യുവാവിനെ രാജാവാക്കാൻ സമ്മതിച്ചില്ല. അവർ പറഞ്ഞു,

‘കാട്ടിൽനിന്നു വന്നവൻ കാട്ടിലേക്കു മടങ്ങിപ്പോകട്ടെ. അവൻ ഞങ്ങളുടെ രാജാവാകേണ്ട.’

അടുത്ത ദിവസവും ജനങ്ങൾ മൈതാനത്തു സമ്മേളിച്ചു. അന്നു വൃദ്ധയുടെ മകൻ സമ്മേളനത്തിൽ സംബന്ധിച്ചില്ല. അയാൾ ഒഴിഞ്ഞു മാറി ഒരു ശ്മശാനത്തിൽ ചെന്നു ഇരിപ്പുറപ്പിച്ചു. കൂടുതുറന്നു പ്രാവിനെ വീണ്ടും വെളിയിലേയ്ക്കു് വിട്ടു. എല്ലാപേരും ഇമ വെട്ടാതെ മുകളിലേയ്ക്കു നോക്കിക്കൊണ്ടു നിന്നു. പ്രാവ് പറന്നുയർന്നു ആകാശത്തിൽ ഒരു വട്ടമിട്ടശേഷം ഒരു വശം ചരിഞ്ഞു ശ്മശാനത്തെ ലക്ഷ്യമാക്കിപ്പറന്നു. വീണ്ടും പ്രാവു് ആ യുവാവിന്റെ തലയിൽത്തന്നെ ചെന്നിരുന്നു.

ജനങ്ങൾ വീണ്ടും പ്രതിഷേധിച്ചു. 'ഞങ്ങൾക്കു ഈ യുവാവിനെ രാജാവായി വേണ്ടാ.' അവർ വിളിച്ചു പറഞ്ഞു. ആ രാജ്യത്തെ പതിവനുസരിച്ചു മൂന്നാമത്തെ പരീക്ഷണം അവസാനവിധിയായി ജനങ്ങൾ സ്വീകരിക്കണമെന്നു നിർബന്ധമുണ്ടായിരുന്നു. 'പ്രാവിനെ വീണ്ടും പറത്തണം,' ജനങ്ങൾ വീണ്ടും വിളിച്ചു പറഞ്ഞു.

അടുത്ത ദിവസം രാവിലെ ജനങ്ങൾ അവസാന തെരഞ്ഞെടുപ്പിനായി മൈതാനത്തു സമ്മേളിച്ചു. വൃദ്ധയും മകനും അന്നവിടെ ഹാജരായിരുന്നു. പ്രാവു മൂന്നാമത്തും കൂട്ടിൽനിന്നും വെളിയിലേക്കു പറന്നു. ആകാശത്തിൽ വട്ടംചുററിയ പ്രാവ് താണു പറന്നുതുടങ്ങിയപ്പോൾ ജനങ്ങൾ അക്ഷമരായി ഇമവെട്ടാതെ നോക്കിനിന്നു. എന്നാൽ ഈ പ്രാവശ്യവും വൃദ്ധയുടെ മകന്റെ തലയിലാണു പ്രാവു ചെന്നിരുന്നതു്. ഈ പ്രാവശ്യം ആ യുവാവു തന്നെയാണു യഥാർത്ഥ രാജാവെന്നും, പ്രാവിന്റെ സൂചന ശരിയാണെന്നും ജനങ്ങൾ

ഏകസ്വരത്തിൽ സമ്മതിച്ചു. അങ്ങനെ അജ്ഞാതനായ ആ യുവാവ് ആ രാജ്യത്തെ രാജാവായി. അദ്ദേഹം ഒരു നല്ല രാജാവാണെന്നും, ജനക്ഷേമമാണ് അദ്ദേഹത്തിന്റെ പ്രധാന ലക്ഷ്യമെന്നും അല്പകാലംകൊണ്ട് എല്ലാവർക്കും ബോധ്യമായി.

അങ്ങനെ വർഷങ്ങൾ കുറെ കടന്നുപോയി. രാജ്യത്തെല്ലായിടത്തും സംതൃപ്തിയും ക്ഷേമവും കളിയാടി. ഒരു ദിവസം രാജാവ് അദ്ദേഹത്തിന്റെ പിതാവായ അയൽ രാജ്യത്തെ രാജാവിനു ഒരു ക്ഷണക്കത്തയച്ചു. അദ്ദേഹത്തോടുള്ള ബഹുമാനസൂചകമായി ഒരു വിരുന്നു നൽകുവാൻ താൻ ഉദ്ദേശിക്കുന്നു എന്നും, ഏതാനും ദിവസം തന്റെ കൊട്ടാരത്തിൽ അതിഥിയായി വന്നു താമസിക്കണമെന്നും ആ കത്തിൽ അഭ്യർത്ഥിച്ചിരുന്നു.

മംഗലപുരി രാജാവ് ഈ ക്ഷണം സന്തോഷത്തോടുകൂടി സ്വീകരിച്ചു. അദ്ദേഹം യുവാവായ രാജാവിന്റെ കൊട്ടാരത്തിൽ അതിഥിയായി എത്തി. തമ്മിൽ പിരിഞ്ഞിട്ട് അധികം കൊല്ലങ്ങൾ കഴിഞ്ഞിരുന്നതിനാൽ ആതിഥേയൻ തന്റെ പുത്രനാണെന്നുള്ള പരമാർത്ഥം വൃദ്ധനായ രാജാവിനു മനസ്സിലാക്കാൻ കഴിഞ്ഞില്ല. അതിഥി വരുന്നതിനു മുൻപു, രാജാവു തന്റെ കൊട്ടാരത്തിലെ പാചകന്മാരെ എല്ലാം വരുത്തി, അതിഥിക്കു നൽകുന്ന ആഹാരസാധനങ്ങളിൽ ഒരുനുള്ള് ഉപ്പുപോലും ചേർത്തുപോകരുതെന്നു കർശനമായ നിർദ്ദേശം നൽകിയിരുന്നു.

രാജാവ് അതിഥിയെ വളരെ ഹാർദ്ദമായി സ്വീകരിച്ചു. കുശലപ്രശ്നങ്ങൾക്കുശേഷം അവർ ആഹാരം

കഴിക്കുവാൻ ഇരുന്നു. അതിഥിക്കു നൽകിയ ആഹാരത്തിൽ ഉപ്പു ലേശംപോലും ചേർത്തിരുന്നില്ല.

സന്ദർശനത്തിന്റെ രണ്ടാംദിവസം വൃദ്ധനായ രാജാവിനു ഉപ്പില്ലാത്ത ആഹാരം കഴിച്ചതുമൂലം അസുഖം തോന്നിത്തുടങ്ങി. അടുത്തദിവസം ഉച്ചഭക്ഷണത്തിനിരിക്കുമ്പോൾ ഭക്ഷണത്തിൽ ഉപ്പു ചേർക്കാതിരിക്കുന്നതിന്റെ കാരണം നേരിട്ടു ചോദിച്ചു മനസ്സിലാക്കണമെന്നു രാജാവു നിശ്ചയിച്ചു.

അന്നുച്ചയ്ക്കു രാജാക്കന്മാർ രണ്ടുപേരുംകൂടി ഭക്ഷണം കഴിക്കുവാൻ ഇരുന്നു. വിഭവങ്ങൾ ഒന്നൊന്നായി മേശമേൽ വന്നു നിരന്നു. അതിഥി ഭക്ഷിക്കുവാൻ ആരംഭിച്ചു. അന്നും ആഹാരത്തിൽ ഉപ്പില്ല.

രാജാവു ചോദിച്ചു:–'പ്രിയസ്നേഹിതാ, താങ്കളുടെ രാജ്യത്തു ഉപ്പു കിട്ടുകയില്ലേ'?

'കിട്ടും', യുവാവായ രാജാവു പറഞ്ഞു, 'കിട്ടുമെന്നു മാത്രമല്ല, ധാരാളം ഉപ്പു ഞങ്ങൾ ഇവിടെനിന്നും കയററുമതി ചെയ്തുവരുന്നുണ്ട്.' അത്ഭുതത്തോടുകൂടി അതിഥി ചോദിച്ചു:

'അങ്ങനെയാണെങ്കിൽ ആഹാരത്തിൽ ഉപ്പു ചേർക്കാതിരിക്കുന്നതു് എന്തുകൊണ്ടാണു്?'

ആതിഥേയൻ പറഞ്ഞു:

'അങ്ങയ്ക്കു ഉപ്പു ഇഷ്ടമില്ലാത്തതുകൊണ്ടും, ഉപ്പു ഉപയോഗിക്കാത്തതുകൊണ്ടും ആണു്, അങ്ങയുടെ ആഹാരത്തിൽ അതു ചേർക്കരുതെന്നു ഞാൻ ഉത്തരവു കൊടുത്തതു്'

'ഉപ്പെനിക്കു ഇഷ്ടപ്പെടുകയില്ലെന്നു ആരു പറഞ്ഞു? നമുക്കു ഉപ്പില്ലാതെ എങ്ങനെ ജീവിക്കുവാൻ സാധിക്കും? എനിക്കു ഉപ്പു വളരെ ഇഷ്ടമുള്ള സാധനമാണ്''

സത്യം തുറന്നു പറയുവാൻ സമയമായി എന്നു യുവാവായ രാജാവു് ഉറച്ചു.

'ബഹുമാന്യസ്നേഹിതാ' ആതിഥേയൻ ചോദിച്ചു, 'അങ്ങയുടെ ഏററവും ഇളയപുത്രൻ ഒരിക്കൽ, "അങ്ങയെ ഞാൻ ഉപ്പിനെപ്പോലെ സ്നേഹിക്കുന്നു" എന്നു പറഞ്ഞപ്പോൾ അങ്ങു ആ പുത്രനെ കൊല്ലുവാനായി കാവൽഭടന്മാരെ ഏല്പിക്കുകയല്ലേ ചെയ്തതു്'

ഇതുകേട്ടപ്പോൾ തന്നോടു സംസാരിക്കുന്നതു തന്റെ ഇളയപുത്രൻ തന്നെയാണെന്നു മംഗലപുരി രാജാവിനു മനസ്സിലായി. അവർ പരസ്പരം ആലിംഗനം ചെയ്തു. ചെയ്തുപോയ അപരാധത്തിനു രാജാവു പുത്രനോടു മാപ്പുചോദിച്ചു. അതിനുശേഷം അയൽരാജ്യങ്ങൾ തമ്മിൽ പൂർവാധികം മൈത്രി ഉണ്ടായി. പിതാവും പുത്രനും തങ്ങളുടെ സൽഭരണംകൊണ്ടു ഇരുരാജ്യങ്ങളിലും സമാധാനവും ക്ഷേമവും പുലർത്തി.

# സിംഹപ്രതിമ

വളരെക്കാലം മുൻപു ടിബെററിൽ രണ്ടു സഹോദരന്മാരുണ്ടായിരുന്നു. അച്ഛൻ മരിച്ചുപോയതുകൊണ്ടു് അവർ രണ്ടുപേരും മാതാവുമൊന്നിച്ചു ഒരു കുന്നിൻചരിവിലുള്ള വലിയ ഭവനത്തിൽ താമസിച്ചുവന്നു.

മൂത്ത സഹോദരൻ വളരെ സമൎത്ഥനെങ്കിലും സ്വാൎത്ഥനും നിൎദ്ദയനും ആയിരുന്നു. ഇളയവൻ ശുദ്ധനും ദയാശീലനും ആയിരുന്നു, എങ്കിലും സാമൎത്ഥ്യം കുറവുള്ളവനായിരുന്നു. പിതാവിൻെറ മരണശേഷം മൂത്ത സഹോദരൻ ഗൃഹഭരണം നടത്തി അമ്മയേയും ഇളയ സഹോദരനേയും അയാൾ വേണ്ടതെല്ലാം നൽകി സംരക്ഷിച്ചു. ഇളയസഹോദരൻ വേലചെയ്യുവാൻ സന്നദ്ധനായിരുന്നു എങ്കിലും സാമൎത്ഥ്യക്കുറവുകൊണ്ടു ഒരുതരത്തിലും അവനു് ജ്യേഷ്ഠനെ സഹായിക്കാൻ കഴിഞ്ഞില്ല.

ഇങ്ങനെ കുറെനാൾ കഴിഞ്ഞപ്പോൾ ജ്യേഷ്ഠൻെറ ക്ഷമ നശിച്ചു. അയാൾ അനുജനോടു പറഞ്ഞു: നീ ഒരു മടിയനാണു് ഇനി നിന്നെ പുലത്താൻ എന്നാൽ സാദ്ധ്യമല്ല. അതുകൊണ്ടു നീ ഈ വീട്ടിൽനിന്നു ഇറങ്ങണം വെളിയിൽ പോയി നിൻെറ കാര്യം നീ തന്നെ നോക്കിക്കൊള്ളൂ?

ഇതു കേട്ടു അനുജനു വളരെ സങ്കടമുണ്ടായി. എങ്കിലും ജ്യേഷ്ഠൻെറ ആജ്ഞയെ അവഗണിക്കാൻ അവനു ധൈര്യം ഉണ്ടായില്ല. വീടുവിട്ടിറങ്ങാൻതന്നെ

അവൻ നിശ്ചയിച്ചു. യാത്രചോദിക്കാനായി അവൻ അമ്മയുടെ അടുക്കൽ എത്തി. വിവരങ്ങൾ അറിഞ്ഞു അമ്മയ്ക്കു വളരെ കോപം ഉണ്ടായി. അവർ പറഞ്ഞു:

'നീ വീട്ടിൽനിന്നു ഇറങ്ങിപ്പോകണമെന്നു നിർദ്ദയനായ നിന്റെ ജ്യേഷ്ഠൻ പറയുന്നു എങ്കിൽ ഞാനും നിന്റെകൂടെ വരുന്നു. ദയവില്ലാത്തവന്റെകൂടെ താമസിക്കുവാൻ എനിക്കിഷ്ടമില്ല'

അടുത്തദിവസം രാവിലെ അമ്മയും ഇളയമകനും ആ വീടുവിട്ടിറങ്ങി. കുറെദൂരം നടന്നപ്പോൾ അവർ ആളുകളാരും താമസമില്ലാത്ത ഒരു ചെറിയ വീടുകണ്ടു. നഗരത്തിൽ നിന്നു വളരെ അകലെയല്ലാതെ ഒരു കുന്നിന്റെ അടിവാരത്തിലായിരുന്നു ആ വീട്. അടുത്തെങ്ങും മററാരെയും കാണാത്തതുകൊണ്ടു് അന്നുരാത്രി അവർ ആ വീട്ടിൽ കഴിച്ചുകൂട്ടി.

രാവിലെ കൈവശമുണ്ടായിരുന്ന ഒരു കോടാലിയുമായി അവൻ കുന്നിൻചരിവിലുള്ള കാട്ടിൽപോയി വിറകുവെട്ടി. വൈകുന്നേരം അടുത്തുള്ള നഗരത്തിൽ കൊണ്ടുപോയി വിററു. ഒരു നല്ലതുക അവനുകിട്ടി. കിട്ടിയ പണം അവൻ വീട്ടിൽ കൊണ്ടുപോയി അമ്മയെ ഏല്പിച്ചു. അമ്മ വളരെ സന്തോഷിച്ചു.

'അമ്മ, ഇനി ദുഃഖിക്കേണ്ടാ' അവൻ പറഞ്ഞു. 'വളരെ ക്ലേശിക്കാതെതന്നെ ഇനി ഞാൻ അമ്മയെ സംരക്ഷിച്ചുകൊള്ളാം.'

അടുത്ത ദിവസവും കോടാലിയുമായി കാട്ടിൽ പോയി അവൻ വിറകുവെട്ടിത്തുടങ്ങി. നല്ല വിറകു

അന്വേഷിച്ച് അവൻ കാട്ടിനുള്ളിൽ പ്രവേശിച്ചപ്പോൾ അവിടെയുള്ള ഒരു പാറക്കെട്ടിൽ ഒരു സിംഹത്തിൻെറ പ്രതിമ കൊത്തിവച്ചിരിക്കുന്നതായി കണ്ടു.

'ഈ കാട്ടിൻെറ രക്ഷാധികാരിയായ ദേവതയാണ് ഈ സിംഹം' അവൻ വിചാരിച്ചു. 'എനിക്കു ഒരു ജീവിതമാർഗ്ഗം കാട്ടിത്തന്ന ഈ ദേവതയ്ക്കു ഞാൻ കടപ്പെട്ടവനാണ്. നാളെ ഞാൻ ഈ ദേവതയ്ക്കു ഒരു ഉപഹാരം അർപ്പിക്കും.'

അന്നു വൈകുന്നേരം നഗരത്തിൽ പോയി വിറകു വിററുകിട്ടിയ പണത്തിൽ ഒരംശം എടുത്തു അവൻ രണ്ടു മെഴുകുതിരി വാങ്ങി. അടുത്തദിവസം രാവിലെ അവൻ നേരേ കാട്ടിലേക്കുതന്നെ തിരിച്ചു. സിംഹപ്രതിമയുടെ മുമ്പിൽ രണ്ടുവശത്തുമായി അവൻ മെഴുകുതിരിരണ്ടും കത്തിച്ചുവച്ചിട്ടു കൈകൂപ്പി പ്രാത്ഥിച്ചു. പെട്ടെന്നു ആശ്ചര്യകരമായ ഒരു സംഭവം ഉണ്ടായി. സിംഹപ്രതിമ വായ് തുറന്നു സംസാരിക്കുവാൻ തുടങ്ങി!

'നീ ഇവിടെ എന്തുചെയ്യുന്നു?' സിംഹം ചോദിച്ചു.

അവൻ പറഞ്ഞു, 'നിർദ്ദയനായ എൻെറ ജ്യേഷ്ഠൻ എന്നെ വീട്ടിൽ നിന്നു ഇറക്കിവിട്ടു. ഇപ്പോൾ ജീവിക്കുവാൻ വേണ്ടി ഞാൻ ഈ കാട്ടിൽ നടന്നു വിറകു വെട്ടുകയാണ്. അങ്ങനെ വിറകു വെടിക്കൊണ്ടിരിക്കുമ്പോഴാണ് അങ്ങയെ കണ്ടത്. ഈ കാട്ടിൻെറ ദേവതയായ അങ്ങയ്ക്കു ഒരു ഉപഹാരം സമർപ്പിച്ചു അങ്ങയുടെ പ്രീതിക്കുവേണ്ടി പ്രാത്ഥിക്കണമെന്നു ഞാൻ തീരുമാനിച്ചു.

'വളരെ നന്നായി' സിംഹം പറഞ്ഞു. 'നാളെ ഈ സമയത്തു വീണ്ടും നീ ഇവിടെ വരണം. ഒരു തൊട്ടി കൂടി കൊണ്ടുപോരണം. നിനക്കാവശ്യമുള്ള ധനം ഞാൻ അപ്പോൾ തരാം.'

സിംഹത്തിനു നന്ദി പറഞ്ഞശേഷം വിറകുകെട്ടും എടുത്തു് അവൻ നഗരത്തിലേക്കു പോയി. അന്നും വിറകിൻെറ വിലയായി നല്ല ഒരു തുക അവനു കിട്ടി. അന്നു അവൻ അവിടെ നിന്നു ഒരു വലിയ തൊട്ടിവാങ്ങി.

അടുത്ത ദിവസം രാവിലെ അവൻ തൊട്ടിയും എടുത്തുകൊണ്ടു് കാട്ടിലേക്കു പോയി. സിംഹപ്രതിമയുടെ അടുത്തെത്തിയപ്പോൾ അവൻ കൈകൂപ്പി പ്രതിമയെ വണങ്ങി. സിംഹം സംസാരിക്കാൻതുടങ്ങി. 'ഞാൻ വായ്തുറക്കുമ്പോൾ നീ ആ തൊട്ടി താഴെ പിടിച്ചു കൊണ്ടുനിൽക്കണം. ഞാൻ ആ തൊട്ടി സ്വർണ്ണംകൊണ്ടു നിറയ്ക്കും. എന്നാൽ തൊട്ടി നിറയാറാകുമ്പോൾ നീ വിവരം അറിയിക്കണം. ഒരു കഷണം സ്വർണ്ണംപോലും നിലത്തുവീഴുവാൻ പാടില്ലെന്നുള്ളകാര്യം പ്രധാനമായി നീ ഓർക്കണം.'

സിംഹം ആജ്ഞാപിച്ചതുപോലെതന്നെ അവൻ ചെയ്തു. സിംഹം വാപിളർന്നു. സ്വർണ്ണക്കട്ടികൾ തൊട്ടിയിലേക്കു് പ്രവഹിച്ചു. തൊട്ടി നിറയാറായപ്പോൾ അവൻ വിവരം സിംഹത്തെ അറിയിച്ചു. ഉടൻതന്നെ സ്വർണ്ണപ്രവാഹം നിലച്ചു. അവൻ സിംഹത്തിനു ഭക്തിപുരസ്സരം നന്ദിപറഞ്ഞശേഷം തൊട്ടിയും എടുത്തുകൊണ്ടു് അമ്മയുടെ അടുക്കലേക്കു പോയി.

ഇത്രയേറെ സ്വർണ്ണം ഒരുമിച്ചു കണ്ടപ്പോൾ ആ വൃദ്ധ ആദ്യം ഭയപ്പെട്ടുപോയി. ഉടൻതന്നെ മകൻ കഥ മുഴുവൻ അമ്മയോടു പറഞ്ഞു. അമ്മ വളരെ സന്തോഷിച്ചു. അമ്മയും മകനും ആ പണം വേണ്ട പോലെ വിനിയോഗിച്ചു. അവർ ആദ്യമായി കുറെ കൃഷിഭൂമികളും ഒരു പുരയിടവും വാങ്ങി. നല്ല ഒരു വീടു പണികഴിപ്പിച്ചു. വേണ്ടത്ര ആടുമാടുകളോടും വേല ക്കാരോടുംകൂടി അവർ ആ വീട്ടിൽ സുഖമായി താമ സിച്ചു.

അമ്മയ്ക്കും ഇളയസഹോദരനും ഉണ്ടായ ഐശ്വര്യ ത്തെപ്പററി ജ്യേഷ്ഠസഹോദരൻ അറിഞ്ഞു. അയാൾക്കു വളരെ ആശ്ചര്യവും അസൂയയും ഉണ്ടായി. അവരെ ചെന്നു കണ്ടു ഈ പണമെല്ലാം എങ്ങനെ ഉണ്ടായി എന്നു അന്വേ ഷിക്കുവാൻ അയാൾ തീരുമാനിച്ചു. ഒരു ദിവസം ഭാര്യ യുമായി അമ്മയെ കാണുവാൻ എത്തി.

അനുജൻ കൃഷിയുടെ മേൽനോട്ടത്തിനായി വയ ലിൽ പോയിരിക്കുകയായിരുന്നു. അമ്മ പുത്രനേയും ഭാര്യയേയും വളരെ സന്തോഷത്തോടുകൂടി സ്വീകരിച്ചു സൽക്കരിച്ചു. വൈകുന്നേരം അനുജൻ തിരിച്ചെത്തി. അയാൾ ജ്യേഷ്ഠനെ വളരെ സ്നേഹത്തോടുകൂടി സ്വാഗതം ചെയ്തു. താൻ ധനികനായതു എങ്ങനെയെന്നു ജ്യേഷ്ഠ നോടു അയാൾ തുറന്നു പറയുകയും, അതുപോലെ ചെയ്യു വാൻ ജ്യേഷ്ഠനെ ഉപദേശിക്കുകയും ചെയ്തു.

അന്നുരാത്രി ജ്യേഷ്ഠനും ഭാര്യയും ചില കൂടിയാ ലോചനകൾ നടത്തി. ഈ സന്ദർഭം പാഴാക്കാതെ

വേഗം ധനികരാകാൻ അവർ തീരുമാനിച്ചു. അടുത്ത ദിവസം രാവിലെതന്നെ ഭർത്താവു് നഗരത്തിൽ എത്തി. എല്ലാ കടയിലും അന്വേഷിച്ചു അവിടെ കണ്ടതിൽ വച്ചു ഏററവും വലിയ തൊട്ടി അയാൾ വാങ്ങി. രണ്ടു ചെറിയ മെഴുകുതിരികൂടി വാങ്ങിക്കൊണ്ടു വേഗം അയാൾ സിംഹപ്രതിമയുടെ അടുത്തെത്തി. പെട്ടെന്നു മെഴുകുതിരി കത്തിച്ചു സിംഹപ്രതിമയുടെ മുൻപിൽ വച്ചിട്ടു അയാൾ പ്രാർത്ഥിക്കുവാൻ തുടങ്ങി.

സിംഹം വായ് തുറന്നു് ഗർജ്ജിക്കുന്ന ശബ്ദത്തിൽ ഇങ്ങനെ ചോദിച്ചു.

'നീ ആരു്? നിനക്കു് എന്തുവേണം?'

'മുൻപൊരു ദിവസം ഇവിടെ വന്ന യുവാവിന്റെ ജ്യേഷ്ഠസഹോദരനാണു ഞാൻ. അവന്റെ ഉപദേശപ്രകാരമാണു ഞാൻ ഇവിടെ വന്നതു്'' അയാൾ പറഞ്ഞു.

'ശരി', സിംഹം പറഞ്ഞു 'തൊട്ടി എന്റെ വായ്ക്കു താഴെ പിടിക്കുക. ഒരു കഷണം സ്വർണ്ണം പോലും നിലത്തു വീഴരുതു്. വീണാൽ നിനക്കു് ആപത്തുണ്ടാകും'.

അത്യാഗ്രഹംകൊണ്ടു മതിമറന്ന ജ്യേഷ്ഠൻ വിറക്കുന്ന ശരീരത്തോടെ തൊട്ടി എടുത്തു സിംഹത്തിന്റെ വായ്ക്കുകീഴിൽ പിടിച്ചു. സിംഹത്തിന്റെ വായിൽനിന്നും സ്വർണ്ണക്കഷണങ്ങൾ വീണ്ടും പ്രവഹിച്ചു തുടങ്ങി. പണക്കൊതിയനായ അയാൾ കൂടുതൽ സ്വർണ്ണം തൊട്ടിയിൽ കൊള്ളിക്കുന്നതായി ഇടയ്ക്കിടയ്ക്കു തൊട്ടി കുലുക്കി താഴ്ത്തുന്നുണ്ടായിരുന്നു. അധികം സ്വർണ്ണം കൈയ്ക്കലാക്കുന്നതിനുള്ള അത്യാഗ്രഹംമൂലം തൊട്ടി നിറയാറായ വിവരം സിംഹത്തെ

അറിയിക്കാൻ അയാൾ മറന്നു പോയി. തൊട്ടി നിറഞ്ഞശേഷം ഒരു സ്വർണ്ണക്കഷണം നിലത്തുവീണു. ഉടൻ തന്നെ സ്വർണ്ണപ്രവാഹം നിലച്ചു.

സിംഹം ഗർജ്ജിച്ചു. 'ഒരു വലിയ സ്വർണ്ണക്കട്ടി എന്റെ തൊണ്ടയിൽ തടഞ്ഞിരിക്കുന്നു. നിന്റെ കയ്യ് എന്റെ വായിൽ കടത്തി അതു വലിച്ചു പുറത്തെടുക്കുക.

ഇതു കേട്ടപ്പോൾ ഒരു വലിയ സ്വർണ്ണക്കട്ടി കിട്ടുമല്ലോ എന്നുള്ള ആർത്തിയോടുകൂടി അയാൾ കയ്യ് സിംഹത്തിന്റെ വായിലേക്കു ഇട്ടു. ഉടൻതന്നെ സിംഹം വായ് അടച്ചുകളഞ്ഞു. സിംഹത്തിന്റെ വായിൽപെട്ട കയ്യ് വെളിയിൽ എടുക്കുവാനായി അയാൾ വളരെ ശ്രമിച്ചു. ഒരു ഫലവും ഉണ്ടായില്ല. അയാൾ കരയുകയും, പ്രാർത്ഥിക്കുകയുംചെയ്തു. സിംഹം പാറക്കല്ലുകൊണ്ടുള്ളപ്രതിമയായി അനങ്ങാതെ ഇരുന്നതേയുള്ളു. അയാൾ തൊട്ടിയിൽ നോക്കി. സ്വർണ്ണത്തിനു പകരം കല്ലും മണ്ണുമാണു തൊട്ടിയിൽ കണ്ടതു്.

സന്ധ്യാസമയം കഴിഞ്ഞിട്ടും ഭർത്താവു മടങ്ങിവരാതെയിരുന്നപ്പോൾ ഭാര്യ വളരെ വിഷമിച്ചു. വഴി അറിഞ്ഞിരുന്നതിനാൽ അവൾ ഒടുവിൽ കാട്ടിലേക്കു തിരിച്ചു. സ്ഥലത്തു ചെന്നപ്പോളാണു ഭർത്താവിനു സംഭവിച്ച അപകടം അവൾക്കു മനസ്സിലായതു്. നടന്നതു മുഴുവൻ അയാൾ ഭാര്യയോടു പറഞ്ഞു. ഭാര്യ കരഞ്ഞു, പ്രാർത്ഥിച്ചു. എന്നാൽ സിംഹപ്രതിമ അനങ്ങുകപോലും ചെയ്തില്ല. നിരാശയോടെ അവൾ വീട്ടിൽ എത്തി ഭർത്താവിനു ഭക്ഷണം തയ്യാറാക്കി കാട്ടിൽകൊണ്ടു ചെന്നു കൊടുത്തു.

എല്ലാ ദിവസവും ഭാര്യ ഇങ്ങനെ ഭർത്താവിനു ആഹാരം കൊണ്ടുചെന്നു കൊടുക്കുക പതിവായിതീർന്നു. കൃ

ഷിക്കാര്യങ്ങൾ നോക്കാനും വീട്ടുഭരിക്കാനും ആളില്ലാതെ അവൾ നിത്യവും കൂട്ടുതൽ ദാരിദ്ര്യത്തിലാണ്ടു തുടങ്ങി. അങ്ങനെ മാസങ്ങൾ കുറേ കടന്നുപോയി. ആഹാരം വാങ്ങാൻപോലും നിവൃത്തിയില്ലാത്ത നിലയിലായി.

ഒരു ദിവസം എങ്ങനെയോ ലഭിച്ച അല്പം ആഹാരവുമായി ഭാര്യ ഭർത്താവിന്റെ അടുത്തെത്തി. അവൾ ഭർത്താവിനോട് പറഞ്ഞു.

വീട്ടിലുള്ള വകയെല്ലാം വിററുകഴിഞ്ഞു. ആഹാരത്തിനു ഇനി ഒരു മാർഗ്ഗവും ഇല്ല. ഇനി നാം പട്ടിണികിടന്നു മരിക്കയേ ഉള്ളൂ.

ഇതുകേട്ടപ്പോൾ സിംഹത്തിനു വളരെ രസംതോന്നി പ്രതിമ വായ്തുറന്നു ഉച്ചത്തിൽ ഗർജ്ജിച്ചു. അയാൾ പെട്ടെന്നു കയ്യ് വെളിയിലേക്കുവലിച്ചെടുത്തു. മോചനം കിട്ടി എന്നു കണ്ടു അയാൾ വളരെവേഗം ഭാര്യയുമൊത്തു സഹോദരന്റെ വീട്ടിലേക്കു ഓടി. കഥ മുഴുവൻ അവർ സഹോദരനോടു പറഞ്ഞു. ഈ കഷ്ട സ്ഥിതിയിൽ അവരെ സഹായിക്കണമെന്നു ജ്യേഷ്ഠൻ അനുജനോടു അപേക്ഷിച്ചു.

'ഇതിനെല്ലാം കാരണക്കാർ നിങ്ങൾ തന്നെയാണ്' അനുജൻ പറഞ്ഞു. 'അത്യാഗ്രഹം കൊണ്ടാണു നിങ്ങൾക്കു ഉള്ളതും ഇല്ലാതെയായത്. പക്ഷേ ഞാൻ എല്ലാം ക്ഷമിച്ചിരിക്കുന്നു. ഒരു വീടും കുറേ കൃഷി സ്ഥലവും വാങ്ങാൻ വേണ്ട പണം ഞാൻ നിങ്ങൾക്കു തരാം'.

അങ്ങനെ അഹങ്കാരിയും സ്വാർത്ഥനുമായ ജ്യേഷ്ഠനും ഭാര്യയും അനുജന്റെ സഹായം കൊണ്ടു പട്ടിണിയില്ലാതെ ജീവിതം നയിച്ചു. അനുജൻ അമ്മയുമൊത്തു സസുഖം ദീർഘകാലം ജീവിച്ചു.

# VI

## യജമാനനും വേലക്കാരനും

കഷ്ടകാലം പിടിപ്പെട്ടു വസ്തുവകകളെല്ലാം നഷ്ടപ്പെട്ട രണ്ടു സഹോദരന്മാർ ഒരു ഗ്രാമത്തിലുള്ള അവരുടെ ഭവനത്തിൽ പാർത്തുവന്നു. നിത്യവൃത്തിക്കു വകയില്ലാത്ത അവർ ഒരു ദിവസം ഒരു മാർഗ്ഗം ആലോചിച്ചുറച്ചു. ജ്യേഷ്ഠൻ മറുനാട്ടിൽപോയി ജോലിചെയ്തു വീട്ടിലേയ്ക്കു പണം അയച്ചുകൊടുക്കണമെന്നും, അനുജൻ വീട്ടുകാര്യങ്ങൾ നോക്കണമെന്നും അവർ തീരുമാനിച്ചു.

അതനുസരിച്ച് ജ്യേഷ്ഠൻ മറെറാരു ഡിസ്ട്രിക്ടിൽ പോയി ധനികനായ ഒരു യജമാനൻെറ വേലക്കാരനായി. ആറുമാസം അവിടെ ജോലി നോക്കാമെന്നു അയാൾ സമ്മതിച്ചു. എന്നാൽ യജമാനൻ ചില വ്യവസ്ഥകൾ അയാളുടെ മുൻപിൽ വച്ചു. ആറുമാസത്തിനുള്ളിൽ രണ്ടുപേരും കോപിക്കരുതെന്നും, യജമാനൻ കോപിച്ചാൽ അയാൾ വേലക്കാരനു ആയിരം രൂപാ കൊടുക്കാമെന്നും, നേരെമറിച്ചു വേലക്കാരൻ കോപിച്ചാൽ അയാൾ യജമാനനു ആയിരം രൂപാ കൊടുക്കണമെന്നും ആയിരുന്നു വ്യവസ്ഥകൾ. വേലക്കാരൻ പറഞ്ഞു, 'എനിക്കു പണം തരാൻ ഇല്ല'.

'പണം തരണമെന്നില്ല. പണത്തിനു പകരം പത്തു കൊല്ലം എനിക്കു ജോലിചെയ്തു തന്നാൽ മതി' യജമാനൻ മറുപടി പറഞ്ഞു.

വേലക്കാരൻ ആദ്യം ഈ വ്യവസ്ഥ സമ്മതിച്ചില്ല. എങ്കിലും കുറേക്കൂടി ആലോചിച്ചശേഷം ഒരിക്കലും കോപിക്കയില്ലെന്നുറച്ചുകൊണ്ട് ധനികൻെറ വ്യവസ്ഥകൾ അയാൾ സമ്മതിച്ചു. ധനികൻ കോപിച്ചാൽ ആയിരംരൂപാ കിട്ടുമല്ലോ എന്നു അയാൾ ആഹ്ലാദിച്ചു.

അടുത്തദിവസം രാവിലെ വേലക്കാരനെ വിളിച്ചു യജമാനൻ പറഞ്ഞു:

'അരിവാൾ എടുത്തുകൊണ്ടു വയലിൽ ചെന്ന് പ്രകാശം ഉള്ള സമയമത്രയും വിളവുകൊയ്തുകൊള്ളുക'

സന്ധ്യാസമയംവരെ കൊയ്തശേഷം വേലക്കാരൻ മടങ്ങിച്ചെന്നു. യജമാനൻ ചോദിച്ചു:—'നീ എന്താണു മടങ്ങിപ്പോന്നതു്'?

'സൂര്യൻ അസ്തമിച്ചതുകൊണ്ടു്,' വേലക്കാരൻ മറുപടി പറഞ്ഞു.

'അതു പാടില്ല,' യജമാനൻ തുടൎന്നു. 'പ്രകാശം ഉള്ളതുവരെ എന്നാണു ഞാൻ പറഞ്ഞതു്. സൂൎയ്യൻ അസ്തമിച്ചെങ്കിലും ചന്ദ്രൻ പ്രകാശിക്കുന്നതു നീ കാണുന്നില്ലേ'?

'അപ്പോൾ ഞാൻ വിശ്രമിക്കേണ്ടെന്നാണോ പറയുന്നതു്?' വേലക്കാരൻ ചോദിച്ചു.

'നീ കോപിക്കുന്നു; അല്ലേ?' യജമാനൻ പറഞ്ഞു.

'ഞാൻ കോപിക്കുകയല്ല. എനിക്കു വളരെ ക്ഷീണമുണ്ടു്. ഞാൻ അല്പം വിശ്രമിക്കട്ടെ,' വേലക്കാരൻ മറുപടി പറഞ്ഞു. അല്പനേരം വിശ്രമിച്ചശേഷം അവൻ വീണ്ടും കൊയ്യാൻ പോയി. ചന്ദ്രൻ അസ്തമിക്കുന്നതു

വരെ അവൻ ജോലി ചെയ്തു. അതുകഴിഞ്ഞപ്പോൾ സൂര്യൻ ഉദിച്ചു. അയാൾ ക്ഷീണിച്ചു നിലത്തുവീണു. 'എനിക്കു ജോലിയും വേണ്ടാ, നിങ്ങളുടെ പണവും വേണ്ടാ', അയാൾ യജമാനനോടു കോപത്തോടുകൂടി പറഞ്ഞു.

'നീ കോപിച്ചിരിക്കുന്നു' യജമാനൻ പറഞ്ഞു. 'എന്റെ കരാർ നീ ഓർക്കുന്നുണ്ടോ.? ആയിരം രൂപാ അല്ലെങ്കിൽ പത്തുവർഷം ജോലി'.

വേലക്കാരൻ വളരെ നേരം ആലോചിച്ചു. ജോലി തുടരാൻ അയാൾ ആഗ്രഹിച്ചില്ല. വ്യവസ്ഥയനുസരിച്ചു യജമാനനു ആയിരം രൂപയുടെ നോട്ട് എഴുതി ക്കൊടുത്തശേഷം അയാൾ വീട്ടിലേക്കു മടങ്ങി.

'ജോലി എങ്ങനെ ഇരിക്കുന്നു?' അനുജൻ ജ്യേഷ്ഠനോടു ചോദിച്ചു.

നടന്ന സംഭവങ്ങളെല്ലാം അയാൾ അനുജനോടു പറഞ്ഞു.

'സാരമില്ല; ഒട്ടും വിഷമിക്കേണ്ടാ', അനുജൻ പറഞ്ഞു. 'ജ്യേഷ്ഠൻ വീട്ടിൽ താമസിച്ചുകൊള്ളുക. ഞാൻ അവിടെത്തന്നെപോയി ജോലി ചെയ്യാം'?

അനുജൻ യജമാനനെ സമീപിച്ചു.യജമാനൻ പഴയ വ്യവസ്ഥകൾ തന്നെ ആവർത്തിച്ചു.

'അതുപോരാ,' അനുജൻ മറുപടിപറഞ്ഞു. 'അങ്ങു കോപിക്കുകയാണെങ്കിൽ എനിക്കു രണ്ടായിരം രൂപാ തരണം; എനിക്കാണു കോപം ആദ്യം വരുന്നതെങ്കിൽ ഞാൻ രണ്ടായിരം രൂപാ തരാം; അല്ലെങ്കിൽ പ്രതിഫലം വാങ്ങാതെ ഇരുപതു കൊല്ലം ജോലി ചെയ്യാം.'

'ശരി, അങ്ങനെ തന്നെ' യജമാനൻ സമ്മതിച്ചു.

അങ്ങനെ അനുജൻ അവിടെ ജോലി ആരംഭിച്ചു. അടുത്ത ദിവസം സൂര്യൻ ഉദിച്ചു. അപ്പോഴും അയാൾ ഉറങ്ങുകയായിരുന്നു. യജമാനൻ അയാളെ തട്ടി ഉണർത്തി.

'നേരം ഉച്ചയാകാറായി', അയാൾ പറഞ്ഞു 'എന്നിട്ടും നീ ഉറക്കം ഉണർന്നിട്ടില്ല!'

'എന്തിനാണ് അങ്ങു കോപിക്കുന്നതു്?' ഉണർന്ന് കണ്ണുകൾ തിരുമ്മിക്കൊണ്ടു വേലക്കാരൻ ചോദിച്ചു.

'ഞാൻ കോപിക്കുകയല്ല. കൊയ്ത്തു ആരംഭിക്കുവാൻ സമയമായി എന്നു നിന്നെ അറിക്കുക മാത്രമാണു ചെയ്തതു്', യജമാനൻ പറഞ്ഞു.

'അതു ശരി,' വേലക്കാരൻ മടിയോടുകൂടി പറഞ്ഞു. 'ഇനിയും വളരെ സമയമുണ്ടു്'.

ഒടുവിൽ അവൻ സാവധാനത്തിൽ എഴുന്നേറ്റു വയലിലേയ്ക്കു പോകുവാൻ മെല്ലെ ഒരുക്കങ്ങൾ തുടങ്ങി

'വേഗമാകട്ടെ; നേരം വളരെ വൈകി' യജമാനൻ അക്ഷമയോടെ പറഞ്ഞു.

'പിന്നെയും അങ്ങു കോപിക്കുകയാണോ?' വേലക്കാരൻ ചോദിച്ചു. 'അങ്ങുതന്നെ നിശ്ചയിച്ച വ്യവസ്ഥകൾ മറന്നുപോയോ?'

വേലക്കാരൻ തയ്യാറായപ്പോഴേയ്ക്കും നേരം ഉച്ചയായി. 'ഇപ്പോൾ പോയതുകൊണ്ടു ഒരു പ്രയോജനവുമില്ല,' അയാൾ പറഞ്ഞു. 'എല്ലാവരും ഊണുകഴിച്ചു തുടങ്ങി. നമുക്കും ഊണുകഴിക്കാം'.

ഊണു കഴിഞ്ഞപ്പോൾ അയാൾ യജമാനനോടു പറഞ്ഞു, 'വേലക്കാരായ ഞങ്ങൾക്കു ശരീരത്തിനു ശക്തി ഉണ്ടാകണമെങ്കിൽ ഊണു കഴിഞ്ഞു അല്പം ഉറങ്ങണം.'

ഉടൻ തന്നെ അയാൾ പുൽത്തറയിൽ കിടന്നു ഉറക്കം തുടങ്ങി. സന്ധ്യാസമയംവരെ അയാൾ ഉറങ്ങി.

യജമാനൻെറ ക്ഷമ നശിച്ചു. മറെറല്ലാവരും കൊയ്ത്തുകഴിഞ്ഞു വീടുകളിലേക്കു മടങ്ങി. അയാളുടെ നിലങ്ങൾമാത്രം കൊയ്യാതെ കിടന്നു, കുപിതനായ യജമാനൻ വേലക്കാരനെ ബലമായി പിടിച്ചു കുലുക്കി ഉണർത്തി.

അവൻ ഉണർന്നു. 'അങ്ങു കോപിക്കുകയാണോ?' അവൻ ചോദിച്ചു.

'അല്ല, നേരം രാത്രിയായി ഇനി നമുക്കു മററു കാര്യങ്ങൾ നോക്കാം, എന്നു മാത്രമെ ഞാൻ പറഞ്ഞുള്ളു' യജമാനൻ മറുപടി പറഞ്ഞു.

അന്നു ധനികൻെറ വീട്ടിൽ ഒരു അതിഥി വന്നു. അതിഥിയെ സൽക്കരിക്കുന്നതിനായി ഒരു ആടിനെ കൊന്നു കൊണ്ടുവരുവാൻ അയാൾ വേലക്കാരനോടു പറഞ്ഞു.

'ഏതു ആടിനെയാണു കൊല്ലേണ്ടതു്?' അയാൾ ചോദിച്ചു.

'എതിരേവരുന്നതു ഏതോ അതിനെ'. യജമാനൻ പറഞ്ഞു.

കുറെക്കഴിഞ്ഞപ്പോൾ ചില ഗ്രാമീണർ ഓടി യജമാനൻെറ അടുക്കൽ എത്തി പറഞ്ഞു.

'അങ്ങയുടെ വേലക്കാരനു ഭ്രാന്തു പിടിച്ചിരിക്കുന്നു. അയാൾ കാണുന്ന ആട്ടുകളെയെല്ലാം കൊല്ലുന്നു.'

യജമാനൻ ഓടിച്ചെന്നു. വേലക്കാരൻ കണ്ണിൽ കാണുന്ന ആട്ടുകളെയെല്ലാം കൊല്ലുന്നത് അയാൾ കണ്ടു. അയാൾ കോപത്തോടുകൂടി അലറി, "മരയാ, നീ എന്താണീ ചെയ്യുന്നത്? നിനക്കു ഞാൻ തക്കശിക്ഷ നൽകുന്നുണ്ട്."

"എതിരേ വരുന്നതിനെ കൊല്ലാനല്ലേ അങ്ങു എന്നോടു പറഞ്ഞതു്? ഇപ്പോൾ അങ്ങു കോപിക്കുക യാണോ?" വേലക്കാരൻ ചോദിച്ചു.

'ഇല്ല, ഞാൻ കോപിക്കുന്നില്ല' യജമാനൻ പറഞ്ഞു. 'നീ എന്റെ ആട്ടുകളെ എല്ലാം കൊന്നുകളഞ്ഞതിൽ എനിക്കു ഖേദമുണ്ട്.'

ഈവിധം കുറെ മാസക്കാലം അനുജൻ അവിടെ ജോലിചെയ്തു യജമാനന്റെ ക്ഷമയെല്ലാം നശിച്ചു. എങ്ങനെയെങ്കിലും ഈ വേലക്കാരനെ പറഞ്ഞയയ്ക്കണ മെന്നു അയാൾ തീരുമാനിച്ചു.

വസന്തകാലം വന്നു കുയിലുകൾ കൂവിത്തുടങ്ങു മ്പോൾ വേലക്കാരൻ മടങ്ങിപ്പോകാൻ അനുവദിക്കണ മെന്നായിരുന്നു നേരത്തെ ചെയ്തിരുന്ന വ്യവസ്ഥ. വസ ന്തകാലമാകാൻ ഇനിയും വളരെ മാസങ്ങൾ കഴിയണം. യജമാനൻ വളരെ ആലോചിച്ചു. ഒടുവിൽ ഒരു സൂത്രം പ്രയോഗിക്കാൻ അയാൾ തീരുമാനിച്ചു.

ഒരു ദിവസം ധനികൻ തന്റെ ഭാര്യയെക്കൂടി വനത്തിലേയ്ക്കു കൊണ്ടുപോയി. ഒരു മരത്തിൽ മറ

ഞ്ഞിരുന്നു കുയിൽ കൂവുന്നതുപോലെയുള്ള ശബ്ദം പുറപ്പെടുവിക്കണമെന്നു അയാൾ ഭാര്യയെ നേരത്തെ അറിയിച്ചിരുന്നു. അതിനുശേഷം ധനികനും വേലക്കാരനുംകൂടി വനത്തിൽ വേട്ടയാടാൻ പോയി.

അവർ വനത്തിൽ ചെന്നപ്പോൾ ധനികൻെറ ഭാര്യ മരത്തിൽ മറഞ്ഞിരുന്നു കുയിലിനെപ്പോലെ കൂവിത്തുടങ്ങി.

ധനികൻ പറഞ്ഞു, "ഓഹോ, നീ വലിയ ഭാഗ്യവാനാണു്. കുയിൽ കൂവിത്തുടങ്ങി! നിനക്കു മടങ്ങി നിൻെറ വീട്ടിലേക്കു പോകുവാനുള്ള കാലം ആയി.

പക്ഷെ, യജമാനൻ പ്രയോഗിച്ച സൂത്രം അയാൾക്കു ഉടൻ മനസ്സിലായി.

"ശരി" അയാൾ പറഞ്ഞു. 'ഈ മഞ്ഞുകാലത്തിൻെറ മദ്ധ്യത്തിൽ കുയിൽ കൂവുന്നതു ആരെങ്കിലും കേട്ടിട്ടുണ്ടോ? അതുകൊണ്ടു് ആ പക്ഷിയെ ഞാൻ വെടിവച്ചുകൊല്ലും. എന്തുപക്ഷിയാണെന്നു അപ്പോൾ അറിയാമല്ലോ."

ഇപ്രകാരം പറഞ്ഞുകൊണ്ടു അയാൾ കയ്യിലുണ്ടായിരുന്ന തോക്കു ശബ്ദം പുറപ്പെട്ട മരത്തിലേക്കു ചൂണ്ടി. എന്നാൽ വെടിതീരുന്നതിനുമുൻപു യജമാനൻ ഓടി അടുത്തു തോക്കു പിടിച്ചുവാങ്ങി.

'മറയാ, നിന്നെക്കൊണ്ടു ഞാൻ തോററു; നീ എന്നെ ഭ്രാന്തുപിടിപ്പിക്കും,' ധനികൻ ഭയത്തോടും കോപത്തോടുംകൂടി പറഞ്ഞു.

'അങ്ങനെ വരട്ടെ, നിങ്ങൾ ഇപ്പോൾ കോപിച്ചിരിക്കുന്നു.' വേലക്കാരൻ മറുപടി പറഞ്ഞു.

'അതെ, അതെ, എനിക്കു വല്ലാത്ത കോപമുണ്ട്. വ്യവസ്ഥയനുസരിച്ച് രണ്ടായിരം രൂപാ തരാൻ ഞാൻ തയ്യാറാണ്. നീ എങ്ങനെയെങ്കിലും ഇവിടെനിന്നു പോയാൽ മതി! യജമാനൻ അലറി. എനിക്കു ഇപ്പോൾ മാത്രമാണു ആ പഴമൊഴിയുടെ അത്ഥം മനസ്സിലായതു്, "താൻ കുഴിച്ച കുഴിയിൽ താൻതന്നെ ചാടും" എന്നുള്ളതു്.

അങ്ങനെ അനുജൻ ധനികനോടു രണ്ടായിരം രൂപയും വാങ്ങി വീട്ടിലേക്കു മടങ്ങി.

## VII

## നാഗമ്മ

~~മരതകം~~ സുന്ദരിയായ ഒരു ചെറുബാലികയായിരുന്നു. അവളുടെ അമ്മ മരിച്ചുപോയി. അച്ഛനും, രണ്ടു സഹോദരന്മാരും അവളെ വാൽസല്യപൂർവം വളത്തിവന്നു.

ഒരു ദിവസം മരതകം അവരുടെ പൂന്തോട്ടത്തിൽ വച്ചു ഒരു സർപ്പക്കുഞ്ഞിനെ കണ്ടു. അവൾ അതിനെ കൊല്ലാതെ എടുത്തു വീട്ടിൽ കൊണ്ടുപോയി ഒരു പെട്ടിയിൽ അടച്ചു രഹസ്യമായി വളത്തി. അവൾ ആഹാരം കഴിക്കുമ്പോൾ അതിൽ ഒരു ഭാഗം പ്രത്യേകം എടുത്തു സൂക്ഷിക്കും. ആരും കാണാതെ അതു അവൾ പിന്നീട്

സർപ്പത്തിനു കൊണ്ടുചെന്നു കൊടുക്കും. അങ്ങനെ കുറെ നാൾ കഴിഞ്ഞപ്പോൾ സപ്പക്കുഞ്ഞു് വളൎന്നു തടിച്ച് വലിയ ഒരു സപ്പമായിതീൎന്നു. അവളോടു വളരെ ഇണങ്ങിയ ആസപ്പത്തിനെ അവൾ നാഗമ്മ എന്നാണു വിളിച്ചുവന്നതു്. നാഗമ്മയെ മരതകം ഒരു സഹോദരിയെ പോലെ സ്നേഹിച്ചു. നാഗമ്മയ്ക്കു മരതകത്തിനോടും വളരെ സ്നേഹമുണ്ടായി.

മരതകം ആഹാരം കഴിക്കുമ്പോൾ അതിൽ ഒരംശം എടുത്തു രഹസ്യമായി മാററിവയ്ക്കുന്നതു കണ്ടു് അവളുടെ അച്ഛനു സംശയം ജനിച്ചു. രഹസ്യമായി വയ്ക്കുന്ന ആഹാരം അവൾ എന്തുചെയ്യുന്നു എന്നു കണ്ടുപിടിക്കുവാൻ വേലക്കാരോടാജ്ഞാപിച്ചു. അവർ വേണ്ട അന്വേഷണം നടത്തി. സപ്പത്തിനെ കണ്ടപ്പോൾ വേലക്കാൎക്കു ഭയമുണ്ടായി. അവർ ഓടിച്ചെന്നു വിവരം ഗൃഹനാഥനെ അറിയിച്ചു. മരതകം രഹസ്യമായി ആഹാരം കൊണ്ടുപോകുന്നതു ഈ സപ്പത്തിനെ തീററിപ്പോററുവാനാണെന്നു ഗൃഹനാഥനു മനസ്സിലായി. തന്റെ വീട്ടിൽ ഭയങ്കരനായ ഒരു സപ്പം വളൎന്നുവരുന്നു എന്നോൎത്തപ്പോൾ അയാൾ നടുങ്ങിപ്പോയി. സപ്പത്തിനെ പെട്ടിയിൽനിന്നു വെളിയിൽ എടുത്തു അടുത്തുള്ള കാട്ടിലെ ഒരു കുന്നിൻമുകളിൽ കൊണ്ടുപോയി കൊന്നുകളയുവാൻ ഗൃഹനാഥൻ വേലക്കാരോടാജ്ഞാപിച്ചു.

ഇതുകേട്ടപ്പോൾ മരതകത്തിനു വളരെ ഖേദമുണ്ടായി. സ്വന്തം പ്രാണനെപ്പോലെ അവൾ സ്നേഹിച്ച നാഗമ്മയെ അവിടെതന്നെ വളൎത്തുവാൻ അനുവദിക്കണമെന്നു അവൾ അച്ഛനോടു കേണപേക്ഷിച്ചു. ഈ അപേക്ഷയെ

ഗൃഹനാഥൻ നിരസിച്ചു. എങ്കിലും, സപ്പത്തിനെ കൊല്ലാതെ കാട്ടിൽ കൊണ്ടുവിടുവാൻ അയാൾ സമ്മതിച്ചു. വളരെ ചെറുതായിരുന്ന കാലം മുതൽ നാഗമ്മയെ സ്വന്തം സഹോദരിയെപ്പോലെ സ്നേഹിച്ചു വളർത്തിയ മരതകത്തിനു നാഗമ്മയുടെ വേർപാടു അത്യന്തം ദുഃഖകരമായിരുന്നു.

നാഗമ്മയുടെ വേർപാടിനുശേഷം മരതകത്തിനു് ചില അത്ഭുതശക്തികൾ ഉണ്ടായിത്തുടങ്ങി. അവൾ ഉറക്കെ ചിരിച്ചാൽ ഉടൻ അവളുടെ വായിൽനിന്നു വില പിടിച്ച രത്നങ്ങൾ പൊഴിയും. അവൾ കൈകഴുകുന്ന വെള്ളം അടുത്തദിവസം പ്രഭാതമാകുന്നതിനു മുൻപു ഉറഞ്ഞു വെള്ളിക്കട്ടിയായിതീരും. തല കോതി മിനുക്കുമ്പോൾ കൊഴിഞ്ഞുപോകുന്ന മുടി സ്വർണ്ണക്കമ്പിയായി മാറും. ഇതു ദിവ്യശക്തിയുള്ള നാഗമ്മയുടെ പ്രീതികൊണ്ടു അവൾക്കു ലഭിച്ച അത്ഭുതശക്തികളായിരുന്നു.

ഒരു ദിവസം മരതകത്തിൻെറ സഹോദരന്മാർ രണ്ടു പേൎക്കും രാജകൊട്ടാരത്തിലെ ഒരു വിരുന്നിനു ക്ഷണം ലഭിച്ചു. അതനുസരിച്ചു അവർ രണ്ടുപേരും വിരുന്നിൽ പങ്കെടുത്തു. വിരുന്നു കഴിച്ചുകൊണ്ടിരുന്നപ്പോൾ അവർ മരതകത്തിൻെറ അത്ഭുതശക്തികളെപ്പററി രാജാവിനോടു പറഞ്ഞു. രാജാവു അത്ഭുതത്തോടുകൂടി പറഞ്ഞു: 'അങ്ങനെയാണെങ്കിൽ ഞാൻ നിങ്ങളുടെ സഹോദരിയെ വിവാഹം കഴിക്കുവാൻ ആഗ്രഹിക്കുന്നു. നിങ്ങൾ പറയുന്നതു ശരിയല്ലെന്നു വരുന്നപക്ഷം, രണ്ടുപേരുടേയും

തല വെട്ടിക്കളയുവാൻ ഞാൻ ഭടന്മാക്കു ആജ്ഞ നൽകുന്നതാണു്.

രാജാവു ഉടൻതന്നെ ദൂതന്മാരെ അയച്ചു തൻെറ ആഗ്രഹം മരതകത്തിൻെറ അച്ഛനെ അറിയിച്ചു. വിവരം അറിഞ്ഞു മരതകത്തിൻെറ അച്ഛൻ വളരെ സന്തോഷിച്ചു. അയാൾ ഉടൻതന്നെ ഒരു തോഴിയോടൊന്നിച്ചു മരതകത്തിനെ കൊട്ടാരത്തിലേയ്ക്കയച്ചു. തോഴിക്കു സത്യഭാമ എന്ന പേരുള്ള ഒരു പുത്രിയുണ്ടായിരുന്നു. മരതകത്തിൻെറ ഭാഗ്യോദയത്തിൽ തോഴിക്കും സത്യഭാമയ്ക്കും വളരെ അസൂയ തോന്നി. വഴിമദ്ധ്യേ മരതകത്തിനെ അപായപ്പെടുത്തിയിട്ടു സത്യഭാമയെ മരതകത്തിൻെറ വേഷഭൂഷണങ്ങളോടുകൂടി രാജാവിൻെറ മുൻപിൽ എത്തിക്കുവാൻ അവർ നിശ്ചയിച്ചു. അവർ രണ്ടുപേരും കൂടി മരതകത്തിനെ ആക്രമിച്ചു. കണ്ണു രണ്ടും തുരന്നെടുത്തിട്ടു അവർ മരതകത്തിനെ നിരാധാരയായി ഒരു വലിയ കാട്ടിൽ വിട്ടു. മരതകത്തിൻെറ കണ്ണുകൾ വളരെ സൗന്ദര്യമുള്ളവയായിരുന്നതുകൊണ്ടു അവർ അതു ഭദ്രമായി ഒരു സ്ഫടികക്കുപ്പിയിലാക്കി സൂക്ഷിച്ചു. മരതകത്തിൻെറ വസ്ത്രങ്ങളും ആഭരണങ്ങളും സത്യഭാമയെ അണിയിച്ചുകൊണ്ടു തോഴിയും മകളും കൊട്ടാരത്തിലേയ്ക്കു യാത്ര തുടന്നു.

കാട്ടിൽ തള്ളപ്പെട്ട മരതകം, വഴികാണാതെ തപ്പിത്തടഞ്ഞു മുന്നോട്ടു നീങ്ങി. അന്നു രാത്രി കഠിനമായ കൊടുംകാററും ഇടിയും മഴയും ഉണ്ടായിരുന്നു. അവയെല്ലാം സഹിച്ചു അവൾ ആ വനത്തിൽ കഴിച്ചുകൂട്ടി. അടുത്ത ദിവസം രാവിലെ ഒരു കിഴവൻ വിറകു വെട്ടുവാനായി

ഒരു കഴുതയുമായി ആ കാട്ടിൽ വന്നു. കണ്ണില്ലാതെ നിരാധാരയായി വലയുന്ന മരതകത്തിനെ കണ്ടപ്പോൾ കിഴവനു വളരെ അനുകമ്പ തോന്നി. വിറകു വെട്ടാതെ അയാൾ മരതകത്തിനെ തന്റെ കഴുതപ്പുറത്തു കയററി ക്കൊണ്ടു വീട്ടിലേയ്ക്കു മടങ്ങി.

വിറകുവെട്ടുകാരനായ കിഴവനു അഞ്ചു പുത്രിമാരുണ്ടായിരുന്നു. അഞ്ചുപേരും കിഴവനോടു ഒട്ടും സ്നേഹമില്ലാത്തവരായിരുന്നു. വിറകുകെട്ടിനുപകരം കണ്ണില്ലാത്ത ഒരു സ്ത്രീയെയും കഴുതപ്പുറത്തു കയററിക്കൊണ്ടു വരുന്ന കിഴവനെ കണ്ടപ്പോൾ പുത്രിമാർ കോപിച്ചു.

'ഞങ്ങൾ ഇന്നു എന്തുചെയ്യും?' അവർ ചോദിച്ചു. "ഇന്നു ആഹാരത്തിനു എന്താണു കൊണ്ടുവരുന്നതു്? ഇപ്പോൾ ഇവിടെ ഉള്ളവക്കുതന്നെ ചിലവിനുള്ള വക ഉണ്ടാക്കുവാൻ കഴിയാതിരിക്കുമ്പോൾ എന്തിനാണീ കണ്ണില്ലാത്തവളെക്കൂടി വിളിച്ചു ഇവിടെ കൊണ്ടുവന്നതു്?"

"പുത്രിമാരേ അല്പം ക്ഷമിക്കു", കിഴവൻ പറഞ്ഞു. ഞാൻ വിറകുവെട്ടാൻ കാട്ടിൽ ചെന്നപ്പോൾ നിരാധാരയായ ഇവളെ കണ്ടു എനിക്കു ഇവളോടു വളരെ അനുകമ്പ തോന്നി. അതുകൊണ്ടു ഞാൻ ഇവളെ കഴുതപ്പുറത്താക്കി ഇങ്ങോട്ടു കൊണ്ടുപോന്നു. ഞാൻ ഇപ്പോൾതന്നെ വീണ്ടും വിറകുവെട്ടാനായി പോകുകയാണു്. വിറകുവിററു ചിലവിനുള്ള വക ഞാൻ കൊണ്ടുവരാം. ഇവിടെ ഇപ്പോൾ ഉള്ള ആഹാരം നിങ്ങൾ കഴിച്ചുകൊള്ളുക. എനിക്കിപ്പോൾ ആഹാരം വേണ്ടാ. എന്റെ പങ്കു് ഇവൾക്കു കൊടുക്കുക."

ഇത്രയും പറഞ്ഞശേഷം കിഴവൻ വിറകു വെട്ടുവാനായി കഴുതയുമായി കാട്ടിലേക്കു പോയി: പുത്രിമാരുടെ കോപം ശമിച്ചില്ല. അവർ മരതകത്തിനോടു വളരെ നിർദ്ദയമായി പെരുമാറി. ഒടുവിൽ അവരിൽ ഒരുത്തിക്കു മരതകത്തിനോടനുകമ്പ തോന്നി. അതുകൊണ്ടു മററുള്ള സഹോദരിമാർ അവളെ ശല്യപ്പെടുത്തിയില്ല.

അവളോടു അനുകമ്പ കാട്ടിയ സഹോദരിയോടു മരതകം പറഞ്ഞു, 'എനിക്കു കൈകഴുകുവാൻ കുറെ വെള്ളം വേണം.'

അവൾ ഒരു പാത്രത്തിൽ കുറെ വെള്ളം കൊണ്ടു വന്നു മരതകത്തിനു കൊടുത്തു. ഇതു മററുള്ള സഹോദരിമാൎക്കു തീരെ ഇഷ്ടമായില്ല. 'അവൾക്കു വെള്ളം വേണമെങ്കിൽ അവൾ ആററിൽചെന്നു കൈകഴുകട്ടെ,' അവർ ഹാസ്യഭാവത്തിൽ ചിരിച്ചുകൊണ്ടു പറഞ്ഞു.

പാത്രത്തിലുള്ള വെള്ളത്തിൽ മരതകം കൈകഴുകിയശേഷം പറഞ്ഞു; "സഹോദരീ, ഈ വെള്ളം കളയാതെ നാളെ രാവിലേവരെ സൂക്ഷിച്ചുവയ്ക്കുക."

നാളെ വേണമെങ്കിൽ ഞാൻ വേറെ നല്ല വെള്ളം കൊണ്ടുവരാം, അനുകമ്പയുള്ള സഹോദരി പറഞ്ഞു.

'പോരാ, എനിക്കു ഈ വെള്ളംതന്നെ വേണം,' മരതകം പറഞ്ഞു.

ഇതു കേട്ടു അവൾ ആ വെള്ളം കളയാതെ അടുത്തുള്ള ഒരു കുററിച്ചെടിയുടെ ഇടയിൽ മറച്ചുവച്ചു. കൊണ്ടുപോകുന്നതിനിടയിൽ പാത്രം തുളുമ്പി ഒരു തുള്ളി വെള്ളം തറയിൽ വീണു.

അടുത്തദിവസം രാവിലെ പാത്രവും വെള്ളവും കൊണ്ടുവരാൻ മരതകം ആവശ്യപ്പെട്ടു. അവൾ ചെന്നു നോക്കിയപ്പോൾ പാത്രത്തിനു പകരം അവിടെ കണ്ടതു് ഭാരമുള്ള ഒരു വെള്ളിക്കട്ടിയാണു്. അതിന്റെ ഭാരം കൊണ്ടു് പാത്രം പൊട്ടിത്തകർന്നുപോയിരുന്നു. വെള്ളം തുള്ളി വീണ സ്ഥലത്തും വെള്ളി കിടക്കുന്നതു് അവൾ കണ്ടു.

'വെള്ളത്തിനു പകരം ഞാനീക്കാണുന്നതെന്താണു്?' അനുകമ്പയുള്ള സഹോദരി ചോദിച്ചു.

മരതകം പറഞ്ഞു, ഇതു വെള്ളിയാണു്. ഇതു നഗരത്തിൽ കൊണ്ടുപോയി വിററു് പണമാക്കി നിങ്ങൾക്കാവശ്യമുള്ള വസ്ത്രങ്ങളും ആഹാരവും വാങ്ങുവാൻ നിന്റെ അച്ഛനോടു പറയുക.

കിഴവൻ അപ്രകാരം ചെയ്തു. വിശേഷവസ്ത്രങ്ങളും, വേണ്ടത്ര ആഹാരവും, ധാരാളം പണവും ആ വീട്ടിൽ ഉണ്ടായപ്പോൾ കിഴവൻ വളരെ ആഹ്ലാദിച്ചു. ഇതുകണ്ടു മരതകം പൊട്ടിച്ചിരിച്ചു. എന്തൊരത്ഭുതം! അവളുടെ വായിൽനിന്നു വിലപിടിച്ച രത്നങ്ങൾ പൊഴിഞ്ഞുവീണു.

രത്നങ്ങളെല്ലാം മരതകം കിഴവനു നൽകി. അന്നു വൈകുന്നേരം അവളുടെ മുടി കോതിക്കെട്ടുവാൻ മരതകം സഹോദരിമാരോടപേക്ഷിച്ചു. ധനവും സുഖവും ഉണ്ടാക്കിക്കൊടുത്ത മരതകത്തിന്റെ അപേക്ഷ ഇപ്പോൾ അവർ വളരെ സന്തോഷത്തോടുകൂടി നിറവേററി. തല കോതിക്കെട്ടിയപ്പോൾ കൊഴിഞ്ഞുപോയ മുടിയെല്ലാം അടുത്തദിവസം രാവിലെ സ്വർണ്ണക്കമ്പികളായി മാറി

കണ്ടപ്പോൾ അവരുടെ ആശ്ചര്യം പതിന്മടങ്ങു വർദ്ധിച്ചു. ആ സ്വർണ്ണക്കമ്പികളും മരതകം കിഴവനു സംഭാവന ചെയ്തു. വിറകുവെട്ടുകാരനായിരുന്ന കിഴവനും പുത്രിമാരും അങ്ങനെ ധനികരായി തീർന്നു.

മരതകത്തിനെ അന്ധയാക്കി കാട്ടിൽ തള്ളിയ ശേഷം തോഴിയും മകൾ സത്യഭാമയും യാത്രചെയ്തു കൊട്ടാരത്തിലെത്തി. രാജാവ് അവരെ സ്വീകരിച്ചു. മരതകമാണെന്നു വിശ്വസിച്ചുകൊണ്ട് ഉടൻതന്നെ രാജാവു സത്യഭാമയെ വിവാഹം കഴിച്ചു. തന്റെ പത്നിയുടെ അത്ഭുതശക്തി പരീക്ഷിച്ചറിയുവാൻ രാജാവു നിശ്ചയിച്ചു. രാജ്ഞി കൈകഴുകിയ വെള്ളം സൂക്ഷിച്ചു വച്ചു ശേഷം രാജാവു അടുത്തദിവസം എടുത്തുനോക്കി. ഒരു വിശേഷവും ഉണ്ടായില്ല. വെള്ളംതന്നെ ആ പാത്രത്തിൽ കണ്ടു. ഉറക്കെ ചിരിക്കുവാൻ രാജ്ഞിയോട് രാജാവ് ആജ്ഞാപിച്ചു. രാജ്ഞി ചിരിച്ചു. ഒരു രത്നംപോലും രാജ്ഞിയുടെ വായിൽനിന്നു വീണില്ല. മുടി കോതി നോക്കി. കൊഴിഞ്ഞുവീണ മുടി അടുത്തദിവസവും മുടിയായിത്തന്നെ ശേഷിച്ചു. രാജാവു കോപിച്ചു.

'ഇവളുടെ സഹോദരന്മാർ എന്നോടു അസത്യമാണു പറഞ്ഞതു്. അവർ എന്നെ വഞ്ചിച്ചിരിക്കുന്നു.' രാജാവു പറഞ്ഞു.

അവരുടെ തല വെട്ടുവാൻ രാജാവു ഉത്തരവിട്ടു. സഹോദരന്മാരുടെ ശവശരീരം കൊട്ടാരത്തിനു വെളിയിലേയ്ക്കു എറിയപ്പെട്ടു. എങ്കിലും സത്യഭാമയെ രാജാവു ഉപേക്ഷിച്ചില്ല. അവൾ ഗർഭിണിയാ

യിരുന്നു. നല്ല സാധനങ്ങൾ എന്തുതന്നെ കണ്ടാലും ഉടൻ അതു വേണമെന്നു സത്യഭാമ നിർബ്ബന്ധം തുടങ്ങും. അതു സത്യഭാമയുടെ ഒരു സ്വഭാവമായിത്തീർന്നു.

ഒരു ദിവസം രാവിലെ മരതകം കിഴവൻെറ വീട്ടിൻെറ പടിക്കൽ ഇരിക്കുമ്പോൾ ഒരു വലിയ സർപ്പം അവളുടെ അടുക്കലേയ്ക്കു ഇഴഞ്ഞുവരുന്നതു കിഴവൻെറ പുത്രിമാർ കണ്ടു. ഭയത്തോടുകൂടി അവർ വിളിച്ചുപറഞ്ഞു.

'മരതകം' നിൻെറ നേരേ ഇതാ ഒരു വലിയ സർപ്പം ഇഴഞ്ഞുവരുന്നു! ഓടിപ്പോകുക അല്ലെങ്കിൽ സർപ്പം നിന്നെ വിഴുങ്ങും"

'അതെന്നെ ഉപദ്രവിക്കുകയില്ല.' മരതകം പറഞ്ഞു. സർപ്പത്തെ കൊല്ലണമെന്നു സഹോദരിമാർ നിർബ്ബന്ധിച്ചു. എന്നാൽ മരതകം അതനുവദിച്ചില്ല. സർപ്പം മെല്ലെ ഇഴഞ്ഞുവന്നു അതിൻെറ തല മരതകത്തിൻെറ മടിയിൽവച്ചു. മരതകത്തിൻെറ കണ്ണുകൾ നഷ്ടപ്പെട്ടു എന്നു സർപ്പത്തിനു മനസ്സിലായി. മരതകം മുൻപു ഓമനിച്ചുവളർത്തിയ നാഗമ്മ തന്നെയായിരുന്നു. അതു്.

നാഗമ്മ മരതകത്തിനോടു സംസാരിച്ചുതുടങ്ങി: "സത്യഭാമ നിൻെറ സ്ഥാനം കവന്നെടുത്തിരിക്കുന്നു. താമസിയാതെ അവൾ ഒരു കുഞ്ഞിനെ പ്രസവിക്കും. ഇപ്പോൾ കാണുന്നതെല്ലാം സ്വന്തമാക്കണമെന്ന ഒരു സ്വഭാവം അവൾക്കുണ്ടു്. ഉടൻതന്നെ കിഴവനെ നഗരത്തിലേക്കയയ്ക്കണം: അവിടെ കാണുന്ന പുഷ്പ

ങ്ങളിൽ ഏററവും ഭംഗിയുള്ള ഒരു കുലപ്പൂ വാങ്ങിക്കൊണ്ടു കിഴവൻ കൊട്ടാരത്തിലേക്കു പൂ വിൽക്കുവാനായി പോകണം. പൂക്കൾക്കു വിലയായി രണ്ടുകണ്ണുകൾ വേണമെന്നു സത്യഭാമയോട് ആവശ്യപ്പെടണം.

കിഴവൻ മനോഹരമായ പൂക്കൾ വാങ്ങിക്കൊണ്ടു കൊട്ടാരത്തിലേക്കു പോയി. പൂക്കാരൻെറ വിളികേട്ടു സത്യഭാമ ജനാലയിൽക്കൂടി നോക്കി. പൂക്കൾ കണ്ടപ്പോൾ അതു വാങ്ങണമെന്നു സത്യഭാമ അവളുടെ അമ്മയെ നിർബന്ധിച്ചു തുടങ്ങി. കിഴവനോടു അമ്മ വില ചോദിച്ചു. രണ്ടു കണ്ണുകളാണ് പൂവിൻെറ വിലയായി കിട്ടേണ്ടതെന്നു കിഴവൻ അറിയിച്ചു.

"എനിക്കു ഈ പൂക്കൾ കൂടിയേ കഴിയൂ" സത്യഭാമ പറഞ്ഞു. 'വാങ്ങാൻ എന്താണു വഴി?'

അവളുടെ അമ്മ ഉടൻ ചോദിച്ചു, "അന്നു നാം മരതകത്തിൻെറ കണ്ണുകൾ ഒരു സ്ഫടിക കുപ്പിയിൽ അടച്ചു സൂക്ഷിച്ചു വച്ചിരുന്നതു ഓർമ്മിക്കുന്നില്ലേ?"

അവർ വേഗംചെന്നു ആ സ്ഫടികക്കുപ്പി എടുത്തു. കണ്ണുകൾ രണ്ടും അന്നത്തെപ്പോലെ സജീവമായി കുപ്പിയിൽ ഇരിക്കുന്നതു് അവർ കണ്ടു. അതു കൊടുത്തു അവർ കിഴവനോടു പൂക്കൾ വാങ്ങി.

കിഴവൻ കണ്ണുകളുമായി മടങ്ങി എത്തുന്നതിനു മുൻപുതന്നെ സർപ്പം പറഞ്ഞു, 'മരതകം, നിൻെറ കണ്ണുകൾതന്നെ കിഴവൻ കൊണ്ടുവരുന്നുണ്ടു്'"

കിഴവൻ മടങ്ങി എത്തിയ ഉടൻതന്നെ കണ്ണുകൾ രണ്ടും വാങ്ങി മരതകം നാഗമ്മയെ ഏല്പിച്ചു.

സർപ്പം കണ്ണു രണ്ടും അതിന്റെ നാക്കിൽ വച്ചിട്ട് സാവധാനത്തിൽ മരതകത്തിന്റെ മുഖത്തു യഥാസ്ഥാനങ്ങളിൽ ഉറപ്പിച്ചു വച്ചു. മരതകത്തിനു വീണ്ടും കാഴ്ച ലഭിച്ചു. അവളുടെ കണ്ണുകൾ ഇപ്പോൾ പഴയതിനേക്കാൾ ആകർഷകമായി തീർന്നു.

അടുത്തദിവസം നാഗമ്മ പറഞ്ഞു, നമുക്കിനി കൊട്ടാരത്തിലേക്കു പോകാം. ഈ സ്വർണ്ണനാണയങ്ങൾ നീ കൈവശം വച്ചുകൊള്ളുക. രാത്രി സത്യഭാമയും രാജാവും ഉറങ്ങിക്കിടക്കുമ്പോൾ വെളിയിൽ കാവൽ നിൽക്കുന്ന ഭടന്മാരുടെ മുൻപിൽ നീ ഈ നാണയങ്ങളിൽ കുറെ എറിഞ്ഞുകൊടുക്കണം. അവർ അതു തിടുക്കത്തിൽ പെറുക്കിഎടുക്കുന്നതിനിടയിൽ നീ ഉറക്കറയിൽ കയറിനിന്നു ഉറക്കെ വിളിച്ചു പറയണം:

"എന്റെ സഹോദരീ, നാഗമ്മാ!" എന്ന് "നിനക്ക് എന്തു വേണം?" എന്നു ഞാൻ അപ്പോൾ ചോദിക്കും. ഉടൻ നീ പറയണം: "ഞാൻ മരതകമാണ്. എന്റെ വേലക്കാരിയായ സത്യഭാമയാണു രാജാവുമൊത്തു കിടന്നുറങ്ങുന്നതു്." ഇത്രയും പറഞ്ഞശേഷം നീ ബാക്കിയുള്ള നാണയവും ഭടന്മാരുടെ മുൻപിൽ എറിയണം. അവർ അതു പെറുക്കി എടുക്കുന്നതിനിടയിൽ നമുക്കു രക്ഷപ്പെടാം.

ഈ തീരുമാനം ഒരുദിവസം അവർ നടപ്പിൽ വരുത്തി. മരതകം പറഞ്ഞതു രാജാവുകേട്ടു. അടുത്ത പ്രാവശ്യം വരുന്നാപക്ഷം മരതകത്തിനേയും, സർപ്പമായ

നാഗമ്മയേയും പിടികൂടുവാൻ രാജാവു കല്പന കൊടുത്തു എന്നാൽ അന്നും ഭടന്മാർ നാണയംപെറുക്കി എടുക്കു... തിനിടയിൽ അവർ കടന്നുകളഞ്ഞു.

മൂന്നാമത്തെ പ്രാവശ്യം രാജാവുതന്നെ കത... പിന്നിൽ മറഞ്ഞുനിന്നു. നാണയം വിതറിയിട്ടു ഓ... ഭാവിച്ച മരതകത്തിനെ രാജാവുകടന്നു പിടികൂടി.

'നീ ആരു്?' രാജാവു ചോദിച്ചു. 'നീ പറഞ്ഞ... ന്താണു്?'

മരതകത്തിനു പകരം നാഗമ്മ മറു...ി പറ... 'അങ്ങയുടെ ഭാര്യയായിരിക്കുന്നതു മരതകമല്ല. ഇതാ... യഥാർത്ഥ മരതകം. ഇവളുടെ സഹോദരന്മാർ പ... അത്ഭുതങ്ങൾ കാണിക്കുവാൻ ഇവളോടു പറയുക!' സംഭവങ്ങളെല്ലാം നാഗമ്മ രാജാവിനോടു പറഞ്ഞു.

സത്യം അറിഞ്ഞപ്പോൾ രാജാവു വളരെ കോപ... മരതകത്തിനെ രാജാവു അന്തഃപുരത്തിലേക്കു കൊ... പോയി. അവൾ കൈകഴുകിയ വെള്ളം സൂക്ഷിച്ചുവ... അടുത്തദിവസം നോക്കിയപ്പോൾ അതു വെള്ളിക്കട്ടി യായി. മുടികോതികെട്ടിയപ്പോൾ കൊഴിഞ്ഞു വീണതു സ്വർണ്ണക്കമ്പിയായിത്തീർന്നു. അവൾ ചിരിച്ചപ്പോ... രത്നങ്ങൾ പൊഴിഞ്ഞു.

തനിക്കു പററിയ തെററു് രാജാവു സമ്മ... മരതകത്തിനെ അദ്ദേഹം വിവാഹംകഴിച്ചു. വമ്പി... ആഘോഷങ്ങളും വിഭവസമൃദ്ധമായ സദ്യയും വിവാ... സംബന്ധിച്ചു രാജാവുനടത്തി. സത്യഭാമയേയും അവ ളുടെ മാതാവിനേയും നാടുകടത്തുവാൻ രാജാവു കല്പന കൊടുത്തു.

കുറെക്കാലത്തിനുള്ളിൽ മരതകത്തിനു രണ്ടു പുത്രന്മാരുണ്ടായി. അങ്ങനെ സുഖമായി കഴിയുമ്പോൾ ഒരു ദിവസം നാഗമ്മ അവിടെ വന്നു. നാഗമ്മ ചോദിച്ചു, "നിന്റെ പുത്രന്മാർ ജീവിച്ചിരിക്കയും, സഹോദരന്മാർ മരിക്കുകയും ചെയ്യുന്നതാണോ, സഹോദരന്മാർ ജീവിച്ചിട്ടു പുത്രന്മാർ മരിക്കുന്നതാണോ ഏതാണ് നിനക്കു കൂടുതൽ ഇഷ്ടം?''

'എന്റെ പുത്രന്മാർ സ്വർഗ്ഗദൂതന്മാരാണ്. അവർ മരിച്ചുകൊള്ളട്ടെ; എന്നാലും എന്റെ സഹോദരന്മാർ ജീവിക്കണം".

നാഗമ്മ രണ്ടു കുട്ടികളുടേയും കഴുത്തുവെട്ടി. അനന്തരം രാജാവിനേയും, മരതകത്തിനേയും സഹോദരന്മാരെ സംസ്കരിച്ച സ്ഥലത്തുകൊണ്ടുപോയി. എന്തൊരത്ഭുതം! മരിച്ച സഹോദരന്മാർ രണ്ടുപേരും ജീവിച്ചു സന്തോഷത്തോടുകൂടി ഇരിക്കുന്നതു അവർ കണ്ടു. മരതകം സന്തോഷിച്ചുഎങ്കിലും കുട്ടികൾ മരിച്ചതിൽ അവൾക്കു വളരെ ദുഃഖമുണ്ടായിരുന്നു. പുത്രന്മാരുടെ മരണത്താൽ ദുഃഖിതരായ രാജാവും മരതകവും മടങ്ങി കൊട്ടാരത്തിൽ എത്തിയപ്പോൾ കുട്ടികൾ രണ്ടും കിടക്കകളിൽ കിടന്നു സന്തോഷത്തോടുകൂടി കളിക്കുന്നു! നാഗമ്മ അവരോടു പറഞ്ഞു, 'ഞാൻ വേണ്ടതെല്ലാം ചെയ്തുകഴിഞ്ഞിരിക്കുന്നു. ഇതിൽ കൂടുതൽ ഭൂമിയിൽ എനിക്കൊന്നും ചെയ്യാനില്ല. ദൈവം അയച്ച ഒരു ദൂതൻ മാത്രമാണു ഞാൻ. ഞാൻ ഇതാ മടങ്ങിപ്പോകുന്നു. നിങ്ങൾക്കു മംഗളം ഉണ്ടാകട്ടെ!'

1793

Very good story

T. GS

1743